T61
B44

# ആത്മാവിൻെറ സ്നേഹഗീത.

By
Sister Mary Benigna C. D.

XVIII - 50
2132

# ആത്മാവിന്റെ സ്നേഹഗീത.

*Sr. Mary Benigna C. D.*

HOUSE OF STUDIES, T.O.C.D. BANGALORE
T 61
B437
DHARMARAM COLLEGE LIBRARY BANGALORE
4188

ഒന്നാം പതിപ്പു് കോപ്പി 2000.

Printed at
St. Joseph's Orphanage Press,
Changanacherry.
1936.

വില അണ 6.

# പൈതൃകാശിസ്സ്.

സിസ്റ്റർ മേരിബനീഞ്ഞായ്ക്കു്.

"ആത്മാവിന്റെ സ്നേഹഗീത" എന്ന ഖണ്ഡകാവ്യം വായിച്ചുകണ്ടു. നിങ്ങളേയും നിങ്ങളുടെ ഈ കൃതിയേയും നാം ഹൃദയപൂർവ്വം ആശീർവദിക്കുന്നു.

എന്നു്,

Charles Mount
Peermade
25th April 1936

✠ James Kalacherry
Bp. of Changanacherry.



HOUSE OF STUDIES ... MANGALORE

# സമർപ്പണം

സത്തുക്കൾക്കുകിരീടമായ്, വിബുധരാ-
ലാരാദ്ധ്യനായ് ധന്യനായ്
പാർത്തട്ടിന്നൊരനഘഭൂഷണവുമായ്
പാരം കലാസക്തനായ്
വർത്തിയ്ക്കും തിരുമേനി, സത്യസുകൃത-
ക്കാമ്പായ **ഡാക്ടർ ജെയിംസ്**
**മെത്രാ**നിക്കൃതി പുത്രിയാമിവൾസമ-
ർപ്പിയ്ക്കുന്നിതാ സാദരം.

# മുഖവുര.

ഉദ്ദേശം പത്തുകൊല്ലങ്ങൾക്കുമുൻപു് "ഒരാത്മാവിൻെറ സ്നേഹഗീത" എന്ന പേരോടുകൂടി ഒരു ഖണ്ഡകൃതി ഞാൻ എഴുതുകയുണ്ടായി. അന്യരേ പറഞ്ഞു ധരിപ്പിയ്ക്കാൻ സാധിയ്ക്കാത്ത ഏതോ ഒരു ആദ്ധ്യാത്മികാനന്ദമാണു് ആ കവിതയെഴുതുന്നതിനു് എന്നെ പ്രേരിപ്പിച്ചതു്. അമ്മയുടെ താരാട്ടുകേട്ടു് ആനന്ദനിമഗ്നയാകുന്ന ശിശു ആ ആനന്ദത്തികവിൽ ഉറങ്ങിപ്പോകുന്നതുപോലെ, എൻെറ മനസ്സു് ഈ ആദ്ധ്യാത്മികാനന്ദത്തിൽ കുറെ മുമ്പോട്ടു ചെന്നപ്പോൾ ഒരുവക സമാധിയിൽ ആയിത്തീൎന്നു. അപ്പോഴാണു് "അറയിൽതിരിയുംകൊളുത്തിയെൻപ്രിയനെക്കാത്തുദിനങ്ങൾ പോക്കിടും" എന്നുപറഞ്ഞു ഗീതയേ ഞാൻ സമാപിച്ചതു്. ഒരു കാലത്തു് ഇതിനേ തുടൎന്നെഴുതുമെന്നുള്ള വിചാരം അന്നു് എനിയ്ക്കു ലേശംപോലും ഉണ്ടായിരുന്നില്ല. ആ കവിതയേ ലോകരംഗത്തേയ്ക്കുവിട്ടു് അധികകാലം കഴിയുന്നതിനുമുൻപു് ഞാൻ ലോകത്തോടു യാത്രപറയുകയാണുണ്ടായതു്.

ആശ്രമത്തിലേ എൻെറ ഏകാന്തജീവിതത്തിൽ സമാധിസ്ഥിതമായ ആ ആനന്ദാനുഭൂതി വീണ്ടും ഉണൎന്നുവശായി. "അറയിൽതിരിയുംകൊളുത്തി" ദിവസങ്ങൾ കഴിയ്ക്കുന്ന ആത്മാവു് പ്രിയനേ കാണാത്തതിൽ അക്ഷമയായി രോദനംതുടങ്ങി. ഈ രോദനമാണു് ഗീതയുടെ രണ്ടാം ഭാഗം. ഇവിടെ പ്രിയസമാഗമത്തിൽ ആത്മാവു് ആനന്ദപരവശയായി "ഉല്ലസത്തരസുഷുപ്തി"യിൽ ലയിക്കുന്നു. ആത്മാവിനു് ഇതിലധികമായി അഭിലാഷപൂൎത്തിയുണ്ടാകാനില്ലെന്നു് എനിയ്ക്കുതോന്നി. സ്നേഹഗീതയെ ഞാൻ വീണ്ടും അവസാനിപ്പിച്ചു. കാലചക്രത്തിൻെറ—അഥവാ എൻെറ മനോരഥത്തിൻെറ—പുരോഗതിയിൽ ആനന്ദപരവശയായ ആ ആത്മാവിനേ വീണ്ടും ഞാൻ ദൎശിച്ചപ്പോൾ അതു് ഇഹത്തിൽ തന്നെയാണെന്നുള്ളബോധം എന്നിൽഉണൎന്നു. സ്നേഹസ്വരൂപനായ പ്രിയൻ തൻെറ പ്രേമഭാജനമായ ആത്മാവിനേ സ്വഗൃഹത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോകുന്നതിനു ബദ്ധപ്പെടുന്നതായിട്ടാണു് അപ്പോൾ ഞാൻ കണ്ട

ു്. എന്റെ ഹൃദയത്തിന്റെ അന്തർഭാഗത്തു് ഒരു മധുരഗാനം മുഴങ്ങിത്തുടങ്ങി. സ്നേഹഗീതകൾ അവസാനിപ്പിച്ചാൽ അവസാനിയ്ക്കയില്ലെന്നു് എനിയ്ക്കുമനസ്സിലായി. ഞാൻ തുടന്നെഴുതി. ആത്മാവു പ്രിയനോടൊരുമിച്ചു യാത്ര പുറപ്പെട്ടു. സുകൃതപൌഷ്കല്യത്തിൽക്കൂടിയുള്ള ആത്മാവിന്റെ പുരോഗതിയാണു് ഗീതയുടെ മൂന്നും നാലും ഭാഗങ്ങൾ. അസഹ്യമായ വിരഹദുഃഖം സഹിച്ചു്, അജയ്യമായ പ്രതിബന്ധങ്ങളെ ജയിച്ചു്, ദിവ്യപ്രേമമഹാഗിരിയുടെ ഉന്നതശൃംഗത്തിലെത്തി, സ്വപ്രേമഭാജനത്തിന്റെ "നരകുലമറിയാത്ത ദിവ്യരാഗപ്രചുരിമ"യോടുകൂടിയ ഗാഢാശ്ലേഷത്തിൽ ലയിച്ചു് ആത്മാവു ധന്യയായിത്തീരുന്നു. ഇതാണു് ഈ ഖണ്ഡകാവ്യത്തിന്റെ ചരിത്രം. ഇതാണു് ഈ സ്നേഹഗീതയുടെ ഇതിവൃത്തം. എന്റെ മനോധർമ്മത്തിൽ ഇങ്ങനെയൊരാത്മാവിനേ ഞാൻ മുമ്പോട്ടുകൊണ്ടുപോയി എന്നല്ലാതെ, അതു് എന്റെ ആത്മാവാണെന്നു വായനക്കാർ ഖണ്ഡിയ്ക്കേണ്ടതില്ല. ഞാൻ ആ ഉന്നതശൃംഗത്തിലേയ്ക്കു യാത്രയാരംഭിച്ചിട്ടേയുള്ളു.

ആത്മാവു് ഇനിയും വരഗൃഹത്തിൽ-സ്വർഗ്ഗത്തിൽ-എത്തിച്ചേന്നിട്ടില്ല. ഇഹത്തിൽതന്നെ വിരഹദുഃഖമോ ദുരിതസ്പർശമോ ഉണ്ടാകാത്ത ശാശ്വതമായ പരമാനന്ദത്തിൽ—സുകൃതപരിപൂർണ്ണതയിൽ—ആത്മാവിനേ ആക്കിക്കൊണ്ടു് തല്ക്കാലം സ്നേഹഗീതയെ ഞാൻ സമാപിയ്ക്കുന്നു. ഇനിയൊരുകാലത്തു് ഈയാത്മാവിനു സ്വർഗ്ഗകവാടം തുറന്നുകൊടുത്തുകൊണ്ടു് ഇതിനേ തുടരാൻ തക്കവണ്ണം എന്റെ മനസ്സു് ഉണന്നേക്കുമോയെന്നു നിശ്ചയമില്ല. ഏതായാലും സ്വർഗ്ഗത്തിൽ ചെന്നിട്ടു് ഒരു പേനയും കുറച്ചുകടലാസും എനിയ്ക്കു കിട്ടുന്നെങ്കിൽ ഇതിന്റെ ബാക്കി ഞാനെഴുതും.

ഈ കൃതിയുടെ പ്രസിദ്ധീകരണത്തിനുവേണ്ട സഹായസഹകരണങ്ങൾ എനിയ്ക്കു ചെയ്തുതന്നിട്ടുള്ള എല്ലാ മാന്യസുഹൃത്തുക്കളോടും എനിയ്ക്കുള്ള അകൈതവമായ കൃതജ്ഞതയെ ഞാൻ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

കുറവിലങ്ങാട്
1936-മേയ്-1

ഗ്രന്ഥകർത്ത്രി.

# അഭിപ്രായങ്ങൾ.

## പി. വി. ഉലഹന്നൻമാപ്പിള എം.എ.

ബ. സിസ്റ്റർമേരി ബനീഗ്നാ ഈയിടെ എഴുതിത്തീർത്ത "ആത്മാവിൻെറ സ്നേഹഗീത" ഞാൻ സശ്രദ്ധം വായിച്ചു. ഇതിൻെറ ഒന്നാംഭാഗം "ഗീതാവലി"യില് നേരത്തെ പ്രസിദ്ധീകരിച്ചിട്ടുള്ളതും, അന്ന് ഐ. സി. പ്രഭൃതികളായ പണ്ഡിതകേസരികൾ അതിനെ മുക്തകണ്ഠം പുകഴ്ത്തിയിട്ടുള്ളതുമാണു്. * അങ്ങനെ ബാല്യത്തിൽതന്നെ പ്രശസ്തമായിത്തീർന്ന "ഈ സ്നേഹഗീത" അതിൻെറ പരിപൂർണ്ണതയില് എത്രതന്നെ മനോജ്ഞമായിരിക്കയില്ല! ഗായകൻെറ യോഗ്യത ഗാനത്തിൻെറ അവസാനമാണല്ലൊ പരിണതമായിരിയ്ക്കുന്നതു്.

"സ്നേഹഗീത" ചേതോഹരമായ ഒരു കീർത്തനകാവ്യമത്രേ. കവയിത്രി ആത്മകാന്തനുമായി നടത്തുന്ന പ്രേമാലാപങ്ങളാണിതില് കാണുന്നതു്. കവയിത്രിയുടെ പ്രണയപേശലമായ ആത്മാവാണിതിലെ നായിക. ഇതിലെ നായകൻ ആർക്കും അഭികാമ്യനായ പ്രേമസ്വരൂപനാകുന്നു. ഇതിവൃത്തവും നായികാനായകന്മാരുമെല്ലാം ഒരു പുതിയരീതിയിലാണിതില് കാണുന്നതു്. ഖ്യാതവൃത്താദിനിയമങ്ങളെ ദൂരെ ത്യജിച്ചു് സ്വതന്ത്രയായി വിഹരിയ്ക്കുന്ന നൂതനകവിതാകാമിനിയ്ക്കു് ഈ പുതുമ ഒരു ഭൂഷണവുമാകുന്നു. ഉത്തമമായ ഒരു കീർത്തനകാവ്യം ആത്മാപേക്ഷകതയാല് അത്യന്തം ആസ്വാദനീയമായിരിക്കാറുണ്ടു്. പുരാതനകാവ്യങ്ങളില് കവിയുടെ വ്യക്തിത്വം തെളിഞ്ഞു കണ്ടിരുന്നില്ല. എന്നാല് വികാരത്തിൻെറ വിജൃംഭണമാണു് ഒരുകാവ്യത്തിനു് ചൈതന്യത്തെ കൊടുക്കുന്നതെന്നും, തന്നെ സംബന്ധിയ്ക്കുന്ന കാര്യങ്ങൾക്കു് വികാരത്തെ തട്ടിയുണർത്താനുള്ള ശക്തി കൂടുതലാണെന്നും, കാവ്യകൃത്തിൻെറ ഹൃദയത്തില് ഉദിച്ചു

* പുസ്തകത്തിൻെറ അവസാനത്തിലുള്ള അഭിപ്രായങ്ങൾ നോക്കുക. (ഗ്രന്ഥകർത്രി)

യരുന്ന വികാരങ്ങൾ തന്മയത്വത്തോടുകൂടി പ്രകടിതമാകുന്നാപക്ഷം അതേ പരിണാമത്തിലെങ്കിലും അതു് പഠിതാവായ സഹൃദയനേയും പ്രചലിപ്പിയ്ക്കാതിരിയ്ക്കയില്ലെന്നും പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ.

പ്രപഞ്ചത്തിൻെറ നാനോന്മുഖമായ പ്രലോഭനങ്ങൾക്കു് മദ്ധ്യേ ജീവിതയാത്ര ചെയ്യുന്ന കവയിത്രി തൻെറ ആത്മനാഥനേക്കണ്ടുധന്യയാവാൻ അഭിലഷിക്കുന്നു. കാമുകസമ്പ്രാപ്തിതന്നെയാണല്ലൊ കാമിനീകാര്യം. ക്ഷമാപുരസ്സരം വിളക്കിലെണ്ണയുമായി കാത്തിരിയ്ക്കണമെന്നുള്ള ഹൃദയനാഥൻെറ തേൻവാണികൾ പ്രിയാകർണ്ണങ്ങളെ പരിതുഷ്ടമാക്കി. അവൾ വളരെക്കാലം കാത്തിരുന്നു. ഹൃദയനാഥനെ വിളിച്ചുകേണു, അവൾ നാഥസല്ക്കാരത്തിനു കോപ്പണിഞ്ഞുകാത്തുനോക്കി. പ്രേമഭാജനത്തിൻെറ അമാനുഷമായ വാസഭ്രു അവർക്കു പ്രത്യക്ഷപ്പെട്ടു. അടുത്തക്ഷണം ആ പ്രേമസ്വരൂപൻ അവളെ വിളിച്ചുണർത്തി സമാശ്വസിപ്പിയ്ക്കുന്നു. അതുമിതും പറഞ്ഞു താമസിയ്ക്കാതെ അദ്ദേഹം മണവാട്ടിയെ സ്വവസതിയിലേയ്ക്കുനയിച്ചു. മാർഗ്ഗംസുഗമവും ദുർഗ്ഗമവും മോഹനവും ഭയാനകവും എല്ലാമായിരുന്നു. ഇവയെല്ലാംകടന്നു് അവർ വരഗൃഹത്തിൻെറ മുൻപിലെത്തി. എന്നാല് ദുർഗ്ഗമമായ ഒരു ദുർഗ്ഗം അവിടേയും പ്രത്യക്ഷമാകുന്നു. അതിൻെറ സമീപത്തുള്ള ഉദ്യാനത്തില് സഞ്ചരിച്ചു് അവക്കൊരുമിച്ചു് സല്ലപിയ്ക്കാമെന്നും, ഏതാനും നാൾകഴിഞ്ഞു വരഗൃഹപ്രവേശനത്തിനുള്ള കവാടം തുറന്നുകിട്ടുമെന്നും നാഥൻ അവളെ അറിയിച്ചു. ഈ പൂവാടിയില് സായാഹ്നംവരെ ആത്മനാഥനൊരുമിച്ചുവാണു് വരഗൃഹത്തിൽ യഥാകാലം നിത്യമായി വാഴമെന്നു് അവൾ സംതൃപ്തയാകുന്നു. ഇത്രയുമാണിതിലെ ഇതിവൃത്തം. അന്യാപദേശഭംഗിയില് ശ്രീമതിമേരിജോണിൻെറ ആശ്രമപ്രവേശം വരെയുള്ള കഥകളാണിതില് പ്രതിപാദിച്ചിട്ടുള്ളതെന്നും, വരഗൃഹത്തിനു മുൻപിലുള്ള ഉപവനം തന്നെയാണു് കന്യകാമഠമെന്നും തീരുമാനിയ്ക്കാം. അതുവരെയുള്ള കാമ്യാകാമ്യമാർഗ്ഗങ്ങൾ ഇവർക്കു് ആശ്രമപ്രവേശനത്തില് വന്നിട്ടുള്ള ആനുകൂല്യപ്രാതികൂല്യങ്ങളായിരിക്കണം. അവയെന്തായിരിയ്ക്കാമെന്നു സൂക്ഷ്മദൃക്കായ ഒരു നിരൂപകനുപോലും യഥാമതി ഊഹിയ്ക്കാമെന്നല്ലാതെ വ്യവച്ഛേദിയ്ക്കാൻ

സാധിയ്ക്കയില്ല. ഈ ജിജ്ഞാസയാകുന്ന വിശദാവഗുണ്ഠനം ഈ കാവ്യകലാംഗനയ്ക്കൊരു ഭൂഷണമേയാകുന്നുള്ളു.

ഇതിലെ ഭാഷാരീതിയെ സംബന്ധിച്ചു യാതൊന്നും പറയണമെന്നു ഞാൻ വിചാരിയ്ക്കുന്നില്ല. ഇതിനേക്കാൾ ലളിതമായ ഒരു ഭാഷാരീതി മറ്റൊരു കവിയ്ക്കും സ്വീകരിയ്ക്കാൻ സാധിയ്ക്കയില്ലെന്നു തോന്നുന്നു. ശ്രീമതി മേരിജോണിന്റെ കവിതാരീതി പണ്ടേ പ്രസിദ്ധവുമാണല്ലൊ.

"ഗീത"യിലെ ആശയം ഗഹനമാണെന്നുതന്നേയാണെന്റെ അഭിപ്രായം. ഭാഷയെത്രതന്നെ സുഗ്രഹമാണെങ്കിലും ഈ കാവ്യത്തിലേ ആശയങ്ങൾ പാമരവേദ്യമല്ലെന്നുള്ളതു് തീർച്ചതന്നെ. ദിവ്യപ്രേമസുഷമ കണ്ടാസ്വദിച്ചിട്ടുള്ള ഒരു സഹൃദയനു് അവ ആലോചനാമൃതങ്ങളാണു്. അവ അനവദ്യങ്ങളത്രെ. അവ ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നുയർന്നവയും ഹൃദയങ്ങളുടെ ഉള്ളറകളെ സ്പർശിക്കുന്നവയുമാകുന്നു. യഥാർത്ഥമായ അനുരാഗത്തിന്റെ പ്രചോദനത്തിനു് ഒരിക്കലെങ്കിലും വിധേയനായ ഒരുവനു ഈ കാവ്യം സുഗേയമായിരിക്കും. ചാരിത്രത്തിന്റെ അമാനുഷസൌന്ദർയ്യം കണ്ടറിഞ്ഞിട്ടുള്ള ദമ്പതിമാർക്കു് ഇതിലെ ആശയങ്ങൾ മണവറയിലെ മണിദീപങ്ങളായി ശോഭിയ്ക്കുതന്നെചെയ്യും. ബ്രഹ്മചാരികളുടെ ഏകാന്തതാവിരസമായ ജീവിതസരണിയില് ഈ സ്നേഹഗാനങ്ങൾ, പരിസരങ്ങളിലെ രസാലശാഖകളിൽ നിന്നു പുറപ്പെടുന്ന പൂങ്കുയിൽ നാദങ്ങളായിരിക്കും. വിഷയലമ്പടനായ സഹൃദയമ്മന്യനാവട്ടെ ഈ ഗാനം അരസികയായ ഒരു തരുണിയുടെ പേക്കൂത്തുകളുമായിരിയ്ക്കും.

ഉദാഹരണങ്ങൾ ഉദ്ധരിച്ചു് ഈ ഹ്രസ്വവിമർശനം ദീർഘിപ്പിയ്ക്കണമെന്നു ഞാൻ വിചാരിയ്ക്കുന്നില്ല. ഒരു ശ്ലോകംമാത്രം ഇവിടെ ചിന്താവിഷയമാക്കാം.

"സുരലോകവുമമ്പരക്കുമാ-റതിമാധുർയ്യമെഴുംസ്വരത്തൊടേ
ഇവൾപാടിനനവ്യഗാനമ—ങ്ങുയരുംഭാസ്കരമണ്ഡലംവരെ"

നായിക പ്രേമഗീതങ്ങളുമായി പ്രിയനേത്തേടുന്ന സന്ദർഭമാണിതു്. ദേവലോകം അമ്പരക്കുമാറു് മാധുർയ്യമുള്ള സ്വരത്തോടുകൂടി

യ ഗാനം ഭാസ്കരമണ്ഡലംവരെ ഉയരുമെന്നാണു് കവയിത്രി പറയുന്നതു്. ഹൈന്ദവസങ്കല്പങ്ങളെ ആസ്പദമാക്കി ഇതിനൊരർത്ഥം കല്പിക്കതന്നെ. ഇന്ദ്രലോകത്തെയാണു് സുരലോകമെന്നു പറയുന്നതു് വിഷയസുഖങ്ങൾ അവയുടെ പരമകാഷ്ഠയിലനുഭവിക്കാവുന്ന ഒന്നാണു് അമരാവതി. അതു ശാശ്വതമല്ല. ഇന്ദ്രനും രംഭതിലോത്തമമാരായ സ്വർന്നാരിമാർക്കും നാശമുണ്ടു്. അവർ കേട്ടിരിക്കുന്ന, അഥവാ അവർക്കാസ്വദനീയങ്ങളായ പ്രേമഗീതങ്ങളെല്ലാം വിഷയസുഖോദ്ദീപകവും, ഭൗതികസ്നേഹത്തെ അധികരിക്കുന്നവയുമത്രെ. അങ്ങനെയുള്ള സുരലോകത്തിൽ ആത്മീയമായ ഒരു നവ്യഗാനം കേട്ടാല് വിഷയസുഖോച്ചാടകമായ ഒരു ദിവ്യഗാനമെത്തിയാല്, ഇന്ദ്രാണിപ്രഭൃതികളായ സീമന്തനിമാരുടെ സന്തതസപര്യയില് മദിച്ചുമറിയുന്ന ഇന്ദ്രാദിദേവകൾ അമ്പരക്കാതെ തരമില്ല. ഇന്ദ്രലോകാന്തരീക്ഷം ആ ഗാനത്തിനു വിശ്രമക്ഷമവുമല്ല. അതു ഭാസ്കരമണ്ഡലത്തിലേക്കുയരുന്നു. സനാതനമായ മുക്തിയെ പ്രാപിക്കുന്നവരുടെ പ്രവേശനദ്വാരം സൂര്യമണ്ഡലമാണെന്നാണല്ലോ ഹിന്ദുമതസങ്കല്പം. സായുജ്യലബ്ധിക്കു യോഗ്യമായ ആത്മാവിനു് ഇന്ദ്രലോകം മറെറാരു ഭൂലോകമായിട്ടേ തോന്നുന്നുള്ളു. അതിനാൽ അതു് സുരലോകത്തിനുമപ്പുറത്തുകടന്നു് ഭാസ്കരമണ്ഡലംവഴി ബ്രഹ്മസായൂജ്യമടയുന്നു. ഇങ്ങനെ സനാതനമായ മുക്തിയെ ലാക്കാക്കുന്ന ഒരാൾക്കാണല്ലോ അഭൗമമായ സ്നേഹഗീതകളുള്ളതു്. ആ ഗാനങ്ങളുടെ പ്രാപ്യസ്ഥാനവും സൂര്യമണ്ഡലംതന്നെയായിരിക്കും.

ഈ പ്രഥമാർത്ഥത്തിൽനിന്നുള്ളധ്വനിയെന്താണെന്നു നോക്കാം. ഇന്ദ്രലോകമെന്നു പറയുന്നതുകൊണ്ടു് അനുരാഗസുഭഗമായ മർത്ത്യലോകം സൂചിതമായിരിക്കുന്നു. പരസ്പരാനുരാഗം സിദ്ധിച്ചിട്ടുള്ള നായികാനായകന്മാരുടെ പ്രേമവും പ്രേമാലാപങ്ങളും കാമലേഖനങ്ങളും മററുമാണു്—പാപസ്പൃഷ്ടമായവതന്നെ—സാധാരണലോകർക്കു് ഹൃദ്യമായിട്ടുള്ളതു്. ആമാതിരി പ്രേമഗീതികൾ കേട്ടുതഴമ്പിച്ച ലോകർക്കു് ദിവ്യപ്രേമത്തെ ആധാരമാക്കിയുള്ള ഒരു നവ്യഗാനം എന്തെന്നില്ലാത്ത ഒരമ്പരപ്പുണ്ടാക്കാം. താമസമായ ഈ ലോകത്തിൽനിന്നു് ഭാസുരമായ ഒരുലോകത്തിലേയ്ക്കുയരാനു ആ ഗാന

ത്തിനു നിവൃത്തിയുള്ളു. ഈശ്വരലോകം എവിടെയാണെങ്കിലും അതു് പ്രകാശപ്രദമായ രാജ്യംതന്നെയാണല്ലൊ. ആ ഭാസ്കരമണ്ഡലത്തിലേയ്ക്കു ലോകർ പകച്ചുനില്ക്കെ ഈ നവ്യഗാനം ഉയരുകതന്നെ ചെയ്യും.

വേറൊരർത്ഥംകൂടിയുള്ളതെന്താണെന്നാരായുകതന്നെ. സുരലോകമെന്നതിനു സ്വർഗ്ഗവാസികൾ (ക്രിസ്തീയാർത്ഥം) എന്നർത്ഥം കൊടുക്കുക. അവർക്കു് സ്വതസിദ്ധമായ ഗാനം ദിവ്യപ്രേമവിഷയകമാണു്. എന്നാൽ ആ കാര്യത്തിൽ തങ്ങളുടെ സ്വരത്തെ തോല്പിക്കത്തക്ക മാധുര്യവിശേഷത്തോടെ ഒരു ഗാനമിതാ ഭൂലോകത്തുനിന്നു വരുന്നു. ഇതാരുടെ ഗാനമായിരിയ്ക്കാമെന്നൊരമ്പരപ്പു് വാനാരൂപികളിൽ കടന്നുകൂടി. ഇങ്ങനെ അർത്ഥമെടുത്താല് കവയിത്രിയിൽ ഔദ്ധത്യം സ്ഫുരിയ്ക്കുന്നില്ലേ എന്നൊരു ചോദ്യത്തിന്നിവിടെ അവകാശമുണ്ടു്. ആത്മകാന്തന്റെനേരെയുള്ള പ്രണയം ലോകോത്തരസുന്ദരമെന്നോ, അന്യാദൃശമെന്നോ ഒരു പതിദേവത സ്വയമഭിമാനിച്ചാല് അഹങ്കാരമായിട്ടാരെങ്കിലുമെണ്ണാറുണ്ടോ? അതിനാൽ ഇവിടത്തെ ലക്ഷിതോപമ ദോഷാസ്പൃഷ്ടസുന്ദരമായിത്തന്നെയിരിക്കുന്നു. ഇപ്രകാരം സുരലോകനിവാസികൾക്കുപോലും വിഭ്രാന്തിവളർത്തിയ ഈ അംഗനാഗാനം സുരലോകനാഥനായ സൂര്യനിലെത്തുന്നു. പറുദീസാനാഥനെ സൂര്യനെന്നദ്ധ്യവസാനംചെയ്യുന്നതു് ക്രിസ്തീയശൈലിയ്ക്കജ്ഞാതമല്ല. കാന്തനെ ആരാഞ്ഞുകൊണ്ടാലപിച്ച ഗാനത്തിന്റെ ലക്ഷ്യം ആ കാന്തൻതന്നെയാണല്ലൊ.

സ്നേഹഗീതയിൽനിന്നു് അനുഭൂതമാകുന്ന രസത്തെ വിസ്തരിക്കുന്നതിനു് ഇതവസരമല്ല. കലർപ്പില്ലാത്തതും, ദിവ്യവും, മോഹനവുമായ ശൃംഗാരം അതിന്റെ വിപ്രലംഭാവസ്ഥയില് സമഗ്രമായും, സംഭോഗാവസ്ഥയിൽ സമഷ്ടിയായും ഇതിൽനിന്നനുഭവിയ്ക്കാൻ ഉദാസീനനായ സഹൃദയനുപോലും കഴിയുന്നതാണ്. ഇതിനുചേർന്ന ഭാവങ്ങൾ പ്രകടിപ്പിച്ചിരിക്കുന്നതിൽ കവയിത്രിയെ എത്രതന്നെ സ്തുതിച്ചാലും മതിയാവുന്നതല്ല. പ്രണയത്തെ ആദ്ധ്യാത്മികമായ ആദർശത്തിലേയ്ക്കുയർത്തുവാൻ അനുഗ്രഹീതരായ കവികൾക്കുമാത്രമേ കഴിയൂ എന്നുള്ളതും ഇവിടെ സ്മരണീയമാണു്.

അന്യാദൃശമായ വർണ്ണനാരീതികൊണ്ടും, അനർഗ്ഗളമായ വചോവിലാസംകൊണ്ടും, ഗംഭീരങ്ങളായ ആശയതല്ലജങ്ങൾകൊണ്ടും ശോഭിയ്ക്കുന്ന ഈ കൃതി കൈരളിയ്ക്കു് ഒരു അമൂല്യഭൂഷണമാണെന്നു പറയാൻ ഞാൻ തെല്ലും മടിയ്ക്കുന്നില്ല. വാഗ്ദാനംപോലെതന്നെ സുകൃതസൂനപ്രവേകങ്ങളിലു് നിറഞ്ഞുതുളുമ്പുന്ന ആനന്ദമുമരന്ദം ആത്മനാഥനൊന്നിച്ചു നുകർന്നു തെളിയുന്ന കണ്ഠത്തിൽനിന്നുള്ള ഗീതകളുടെ ഉപര്യാലാപംകൊണ്ടു് മഠാരാമത്തിലെ ഈ പൂങ്കുയിൽ ജീവിതത്തിന്റെ സായാഹ്നംവരെ സഹൃദയലോകത്തെ "ദിവ്യപ്രേമസുധാബ്ധിയിൽ" ഇനിയും "മുക്കിക്കുഴക്കു"മാറാകട്ടെ !

---

# സി. എൻ. അനന്തരാമയ്യാശാസ്ത്രി
## എം. എ
## ശ്രീ

വിശിഷ്ടവേദത്തിൽ കന്യകമാർ വരനായ ഈശ്വരനെ കാത്തിരിക്കുക എന്നുള്ള കണക്കിനു് പ്രതിപാദിച്ചിരിയ്ക്കുന്ന സംഗതി പുരുഷന്മാർക്കും യോജിച്ചതാണു്. സ്ത്രീകളോളം പുരുഷന്മാർ കാത്തിരുന്നാൽ യുദ്ധോദ്യോഗമേ ഉണ്ടാകയില്ല. ആശയഭംഗിയ്ക്കുവേണ്ടിയാണു് വിശിഷ്ടവേദത്തിൽ കന്യകമാരുടെ കാത്തിരിപ്പായി പ്രതിപാദിച്ചിരിയ്ക്കുന്നതു്. സിസ്റ്റർ മേരി ബെനിഞ്ഞാ പ്രസിദ്ധീകരിയ്ക്കുന്ന "ആത്മാവിന്റെ സ്നേഹഗീത" എന്ന ഗ്രന്ഥം ഈ പ്രകൃതത്തെ അവലംബിച്ചു വിസ്തരിച്ചിട്ടുള്ള ഒരു മനോഹരകാവ്യമാണു്.

അകൃത്രിമസുന്ദരമായ ഈ കൃതിയിൽ ദ്വിതീയാക്ഷരപ്രാസമോടിയുടെ ആവശ്യകതതീരെ തോന്നിയ്ക്കാത്ത വൃത്തങ്ങളാണു് തത്രഭവതി സ്വീകരിച്ചുകാണുന്നതും. ചില്ലുകൾക്കു് ആധ്മാനം ചെയ്യുന്നതും, യുക്താക്ഷരത്തിനുമുമ്പു ദ്രാവിഡപദം വന്നാൽ ദ്രാവിഡപദാന്തലഘുവിനെ ലഘുയത്നമായി ഉച്ചരിച്ചു് ലഘുതന്നെയാക്കുന്നതും

കേരളപാണിനീയകർത്താവ് ആകാമെന്നുവിധിച്ചിട്ടുള്ള നിയമങ്ങളെ ഇതിൽ ഉപയോഗപ്പെടുത്തിയിരിയ്ക്കുന്നു. ഇവയെ ഉപയോഗപ്പെടുത്തണമെന്നില്ലാത്തതിനാൽ ഇനിയുള്ള കൃതികളിൽ ഇവർ ഇക്കാര്യത്തിൽ ശ്രദ്ധവച്ചാൽ കൊള്ളാം.

"വ്യക്താവ്യക്തം സനാതനം" എന്ന ശ്ലോകപാദംകൊണ്ടു് പ്രതിപാദിച്ചിട്ടുള്ളതുപോലെ വ്യക്താവ്യക്തനായിരിയ്ക്കുന്ന ഈശ്വരനോടുള്ള ജീവാത്മാവിൻെറ നിലയെ ഇതിലധികം നന്നായി പ്രതിപാദിപ്പാൻ സാധിയ്ക്കയില്ല. കേരളത്തിൽ മറെറങ്ങുമില്ലാത്ത വിധത്തിൽ പ്രഭുതയുള്ളവരെക്കൊണ്ടു സാഹിത്യപോഷണം ഉണ്ടായിട്ടുണ്ടു്. സ്ത്രീവിദ്യാഭ്യാസം പൂർവ്വാധികം പ്രചാരപ്പെട്ടതിൽ പിന്നെ കന്യാസ്ത്രീകളിൽനിന്നും ഇതുണ്ടാവാൻ സംഗതിയായതിൽ സന്തോഷിയ്ക്കാൻ നമുക്കവകാശമുണ്ടു്. ഈശ്വരവിഷയമായി കവനമുണ്ടാക്കാൻ ഈ വർഗ്ഗത്തിന്ന പ്രത്യേകം ചുമതലയുണ്ടെന്നുപറവാൻ അധികാരമില്ലെങ്കിലും പറഞ്ഞുപോകയാണു്.

ശുഭംഭവതു.

---

## കൈനിക്കര എം. പത്മനാഭപിള്ള
## ബി. എ. എൽ. ററി.

അഭിവന്ദ്യയായ സഹോദരീ!

നിങ്ങളുടെ കവനകുസുമങ്ങൾ എന്നുംതന്നേ ഭക്തിനിഷ്യന്ദികളായിട്ടാണു് എനിയ്ക്കനുഭവപ്പെട്ടിട്ടുള്ളതു്. ഇതാകട്ടെ ശാശ്വതപ്രേമസുരഭിലവുമാണു്. പഞ്ജരത്തിനുള്ളിൽനിന്നു പുറപ്പെടുന്ന ഈ പ്രണയാലാപം പ്രാണനാഥൻെറ ശ്രവണപുടങ്ങളിൽ പതിയാതിരിയ്ക്കയില്ല. നിങ്ങൾക്കു മംഗളംഭവിയ്ക്കട്ടെ.

---

XVIII - 50
2/32

HOUSE OF STUDIES, T.O.C.D. MANGALORE

# ആത്മാവിന്റെ സ്നേഹഗീത.

ഇവളിപ്പൊഴുതേതിടത്തിലാ-
ണെതിരററുള്ളൊരപാരഡൈഡസ്സിലോ
മരുഭൂമിയിലോവനത്തിലോ
തിരിയുന്നില്ലതെനിക്കതെല്ലുമേ ൧

ഒരുകാഴ്ചയുമെന്റെദൃഷ്ടിയിൽ
പതിയുന്നില്ലണുമാത്രമെങ്കിലും
ഇരുളെന്നുടെകണ്ണിനേതുമേ
മറവേകുന്നതുമില്ലൊരിക്കലും. ൨

ഉയരങ്ങളിൽനിന്നഘോരമഹ-
ത്തരമായുള്ളൊരുദീപ്തിയെപ്പൊഴും
നയനങ്ങളിലേക്കുപാഞ്ഞിടു-
ന്നതിനാൽകണ്ണുകളഞ്ചിടുന്നതാം. ൩

തരുഗുല്മലതാദിതിങ്ങിടു-
ന്നൊരുസാനുസ്ഥലമെത്തിയേകയായ്
മരുവുന്നതുപോൽപലപ്പൊഴും
പരമാനന്ദമെനിക്കുദിച്ചിടും. ൪

രമണീയതചേർന്നവാടിക-
യ്ക്കകമേപൂമണവുംനിരന്തരം
കുളിർതെന്നലുമേററുഞാൻകളി-
ച്ചിളകുമ്പോലെയുമങ്ങുതോന്നിടും ൫

അതിരററുപരംവിശാലമായ്
സ്ഥിതിചെയ്യുംജലധിയ്ക്കടുത്തുപോയ്
തിരമാലയിലോടിടുന്നതായ്
ചിലനേരത്തിഹകാണുമെന്നെഞാൻ. ൩

വിജനസ്ഥലമാകെയേവമെൻ
പ്രിയനെത്തേടിനടന്നിടുന്നുഞാൻ
അവിടുന്നിവളേ"യളക്കവാ"-
നെവിടെപ്പോയിമറഞ്ഞിടുന്നുവോ? ൪

വിളികൊണ്ടൊരു"പാരഡൈസ്സി"ലെ
ക്കളസംഗീതവിശേഷമാധുരി
ചെവികൾക്കകമേപലപ്പൊഴും
ചൊരിയുന്നുണ്ടുസുധാരസംനവം. ൫

ചിലനേരമതെൻെറകാത്തുകൾ-
ക്കരികത്തിമ്പമൊടമ്മുഴങ്ങിടും
ചിലവേളയിലൊട്ടുദൂരെനി-
ന്നതിമോദത്തെയെനിയ്ക്കുനൽകിടും. ൬

അവർഗായകമൌലിമുത്തുകൾ
പരമാനന്ദമൊടെൻപ്രിയൻെറപേർ
അവിടെസ്സുചിരംമുഴക്കിടു-
ന്നതിലെൻഹൃത്തുലയിച്ചിടുന്നതേ! ൭

അവരോടൊരുമിച്ചുചേരുവാ-
നിവൾവിഭ്രാന്തികലർന്നുപാഞ്ഞിടും
ഉടനാസ്വരമങ്ങകന്നക-
ന്നതിദൂരത്തുമുഴങ്ങിനിന്നിടും ൮

തനിയേപലരാഗഗാനവും
വിരചിച്ചുംപാട്ടുപാടിഞാൻമുദാ
മരുഭൂമിയിലുംവനത്തിലും
കടലോരങ്ങളിലുംനടന്നിട്ടും ൧൨

അധരങ്ങളിലെൻപ്രിയന്റെപേർ
മധുരത്വത്തിൽമുഴങ്ങിടുംവിധൌ
സുരലോകമതിക്രമിച്ചുഞാ-
നുയരുമ്പോലെയെനിക്കുതോന്നിടും ൧൩

അവിടുന്നതിദൂരെയെന്നുറ-
ച്ചവിടെക്കേൾക്കുവതിന്നുതക്കപോൽ
പരമണ്ഡലവുംമുഴങ്ങുമാ-
റിവർപാടുംചിലനവ്യഗീതികൾ. ൧൪

ഉടനെന്നരികത്തടുത്തുനി-
ന്നതിമാധുര്യമെഴുംസ്വരത്തൊടേ
പരമോന്നതനാത്മവല്ലഭൻ
ചെവിയിൽത്തന്നെരഹസ്യമോതിടും ൧൫

മൃദുശീതളകോമളാംഗുലീ-
തതിതൻസ്പർശനമാംമഹാസുഖം
പുതുപാല്പടലിൻനടുക്കമെ-
ക്കിടുമാറുണ്ടിവളെപ്പലപ്പൊഴും. ൧൬

സുരവര്യരിലീർഷ്യചേരുമാ-
റതിമാധുര്യമെഴുന്നചുംബനം
ചിലവേളയിലെന്നെമുക്കിടും
പരമാനന്ദമഹാംബുരാശിയിൽ ൧൭

ഇരുളേറിനരാവിലുംപരം
പ്രഭയേറുന്നൊരഹസ്സിലുംസമം
നയനങ്ങളടച്ചിടാതെയ-
ങ്ങിവളെപ്പാർത്തരുളുന്നുസന്തതം. ൧൮

ഹൃദയത്തിലഗാധമാംസ്ഥല-
ത്തൊളിവായ്മേവിടുമെൻരഹസ്യവും
ഒരുചില്ലിനകത്തുചിത്രമെ-
ന്നതുപോലാനയനങ്ങളിൽപെടും. ൧൯

ഹതഭാഗ്യയെനിയ്ക്കിതേവിധം
വിധിയിക്കണ്ണുകൾതന്നതെന്തിനോ?
പ്രിയനേയൊരുനോക്കുകാണുവാൻ
സുകൃതംചെയ്‌വതുമെന്നുഞാനിനി? ൨൦

അവിടുന്നുവസിച്ചിടുന്നൊരാ-
സ്ഥലമേതെന്നറിയുന്നതില്ലഞാൻ
അടവിക്കകമന്ധനെന്നമ-
ട്ടിവളങ്ങേത്തിരയുന്നുനിത്യവും. ൨൧

ഒരുനേരവുമെൻറചുണ്ടുകൾ-
ക്കിടയിൽ,തെല്ലുവിനോദമാകിലും
ഒരുവാക്കുമുദിച്ചിടുന്നതി-
ല്ലവിടുത്തെതിരുനാമമെന്നിയേ. ൨൨

പ്രിയനെപ്പുണരുന്നതെന്നിയേ
പരമായുള്ള സുഖാനുഭൂതികൾ
കരവല്ലികളാഗ്രഹിപ്പതി-
ല്ലൊരുനാളും ബത നിദ്രയിങ്കലും ൨൩

പദപങ്കജമൊന്നുമുത്തുവാ-
നതിയായുള്ളൊരു വാഞ്ഛയെന്നിയേ
അധരദ്വയമൊന്നുമേ കൊതി-
ച്ചിടുമാറില്ല കിനാവിലെങ്കിലും ൧൪

സ്ഥിതിയീവിധമൊക്കെയാകിലും
പ്രിയനെക്കാണുവതെതിനിത്ര ഞാൻ !
അരികത്തിഹ ചേർന്നു നില്ക്കിലും
മമദൃഷ്ടിക്കവിടുന്നഗോചരൻ ൧൫

പരമുന്നതിയേറിടുന്ന ഭൂ-
ധരശൃംഗങ്ങളിൽ നിന്നുകേട്ടിടും
ചിലവേളയിലേറ്റമിമ്പമാ-
യവിടുന്നെന്നെ വിളിച്ചിടും സ്വരം. ൧൬

കൊടുതാം പല കാടുമേടുകൾ
പണിപെട്ടങ്ങു കടന്നുഴന്നു ഞാൻ
ജവമങ്ങണയുമ്പൊഴാസ്വരം
കടലോരങ്ങളിൽനിന്നുകേട്ടിടും ൧൭

ചിറകെന്നിയെ ഞാൻ ക്ഷണം പറ-
ന്നവിടെച്ചെന്നിട്ടു മപ്പൊഴത്ഭുതം !
അവിടുന്നു വിളിയ്ക്കുമെന്നെയ-
ങ്ങൊരുമൈതാനതലത്തു നിന്നുടൻ. ൧൮

പ്രിയനേയനുയാത്രചെയ്യുവാൻ
ശ്രമമെന്നുള്ളതെനിയ്ക്കൊരിയ്ക്കലും
വരികില്ല; കുതിച്ചുപാഞ്ഞു ഞാ-
നവിടെച്ചെന്നിടുമെത്രയും ക്ഷണം. ൧൯

മൃദുകോമളമാം പദങ്ങളാൽ
സുഖസമ്മർദ്ദനമേററ പുല്ലുകൾ
തലചായ്ചവിടെശ്ശയിപ്പതെ-
ന്നകമേയാശവളർത്തിടും പരം. ൧൦

ചെറുപത്രയുഗം വിരിച്ചുപാ-
ഞ്ഞിടുമാക്കൊച്ചു കപോതമെന്നപോൽ
പ്രിയനെപ്പുണരുന്നതിന്നു ഞാൻ
കരയുഗ്മത്തെ വിടുത്തു പാഞ്ഞിടും. ൧൧

ഒരു ഭ്രാന്തികണക്കുഴന്നു ഞാ-
നവിടെച്ചുററിനടന്നു പിന്നെയും
പരിചോടു വിളിച്ചിടുന്നു മൽ-
പ്രിയനെത്തന്നെ നിരാശയെന്നിയേ. ൧൨

കളനാദമുയർത്തി വീണ്ടുമാ-
ചെവിയിൽ തേൻചൊരിയുംവിധത്തിൽ ഞാൻ
ഗഗനത്തു മുഴക്കിവിട്ടിടും
സരസം പ്രേമവിശിഷ്ടഗീതികൾ ൧൩

മരുഭൂമിയിൽനിന്നു മപ്പൊഴെൻ
പ്രിയനെൻപേരുവിളിച്ചിടും സ്വരം
ബത! കാന്തമിരുമ്പിനെക്കണ
ക്കിവളെശ്ശക്തിയൊടേ വലിച്ചിടും. ൧൪

ത്വരയോടു ഗമിച്ചിടുമ്പൊഴാ
വഴിമദ്ധ്യേ ബലവത്തരങ്ങളാം
മണിമേടകളെൻെറ യാത്രയേ
ചിലനേരം ബലമായ്ത്തടഞ്ഞിടും. ൧൫

"ഇതിലെന്തുരഹസ്യമെൻപ്രിയൻ
മരുവും ഗേഹമിതായിരിയ്ക്കുമോ"
ഇതിചിന്ത കലൎന്നുകൊണ്ടുടൻ
ചെവിപാൎത്തങ്ങു കുറച്ചുനിന്നിടും ൩൬

മൃദുവായ് മധുരസ്വരത്തില-
പ്പദവിന്യാസമകത്തുകേൾക്കവേ
ഹൃദയം ത്വരിതം തുടിച്ചിടും
വിധുവെക്കണ്ടൊരുസിന്ധുവെന്നപോൽ. ൩൭

ബലമായിവൾ തള്ളിടുമ്പൊഴ-
ക്കതകങ്ങുടനെ തുറന്നുതന്നിടും.
അകമേ പുനരെത്തിടുമ്പൊഴോ
വിജനം, ഹാ! വിജനം മുറിക്കകം. ൩൮

അവിടംക്ഷണമങ്ങുവിട്ടുഞാൻ
പ്രിയനെത്തന്നെവിളിച്ചുപിന്നെയും
ഉഴലുന്നു,വനാന്തരങ്ങളിൽ
തുണയററുള്ളൊരുപൈതലെന്നപോൽ ൩൯

സുരലോകവുമമ്പരക്കുമാ-
റതിമാധുൎയ്യമെഴുംസ്വരത്തൊടേ
ഇവൾപാടിനനവ്യഗാനമ-
ങ്ങുയരുംഭാസ്കരമണ്ഡലംവരേ. ൪൦

അതുമല്ലതുചക്രവാളമ-
ങ്ങതിലംഘിച്ചുപരന്നുപോയിടും
പുതുമാറെറാലിയേമുഴക്കുമാ-
റതുപാതാളതലത്തുമെത്തിടും. ൪൧

ഒരുനാളിലുമാവിശിഷ്ടമാം
തിരുനാമംസുരലോകകീർത്തനം
വിരവോടുമുഴക്കിടുമ്പൊഴെൻ
സ്വരമേതുംബത!താണുപോയിടാ. ൪൨

അതിമാനുഷനെൻപ്രിയൻമഹാ-
മതിമാൻഭാവുകപൂർണ്ണ?നാർക്കുകിൽ
തരുണീമണിമൌലിമാരുമ-
ങ്ങണിയാത്തുള്ളൊരപൂർവ്വരത്നമാം. ൪൩

അതിസുന്ദരനത്യുദാരന-
ങ്ങതുലപ്രേമമതിന്നിരിപ്പിടം.
നവയൌവനയുക്തനെന്നുമേ
രുജയുംമൃത്യുവുമേശിടാത്തവൻ ൪൪

കരുണാഗുണപൂർണ്ണനുത്തമൻ
വിബുധന്മാരിലതീവസത്തമൻ
മുടിമന്നവവംശമൊക്കെയെ-
ങ്ങടികൂപ്പുന്നൊരുരാജരാജനാം. ൪൫

അശനംസുഖനിദ്രയെന്നതൊ-
ട്ടവയെല്ലാമകലത്തുതള്ളിഞാൻ
പകലുംനിശയുംപ്രിയന്റെപേ-
രതിമോദത്തൊടുപാടിവാണിടും. ൪൬

അമൃതോപമമാവിശിഷ്ടമാ-
യൊരുഗാനംകൊടുതാംവിപത്തിലും
രുജയിങ്കലുമെന്നുവേണ്ടഞാൻ
മരണക്കട്ടിലിലിലുംമുഴക്കിടും. ൪൭

വരഗാനമിതൊന്നുപാടുകിൽ
കരൾകത്തുംവ്യഥമോദമാക്കിടാം
നിശയെപ്പകലാക്കിമാററിടാം
നരകംവിണ്ടലമായ്പകൎത്തിടാം ൪൮

പരമാൎത്ഥികലന്നുസജ്ജനം
തിരയുംസ്വൎഗ്ഗമെന്നിയ്ക്കുവേണ്ടിനി
അധരങ്ങളിലാണിരിപ്പതെൻ
പെരുതാംസ്വൎഗ്ഗസുഖങ്ങളൊക്കെയും. ൪൯

ഇവൾപാടിനപ്രേമഗീതികൾ
ചെറുതായുള്ളൊരുശബ്ദമെങ്കിലും
വനരോദനമായ്ഭവിയ്ക്കയി-
ല്ലതിനാൽഞാൻകൃതകൃത്യതന്നെയാം. ൫൦

ഉഡുജാലമതിന്നിടയ്ക്കുനി-
ന്നവിടുന്നെപ്പൊഴുമെൻറനേൎക്കുതാൻ
തുലയററകടാക്ഷവീക്ഷണം
ചൊരിയുമ്പോലിഹതോന്നിടുന്നുമേ. ൫൧

നയനങ്ങളിലെപ്പൊഴുംപതി-
ഞ്ഞിടുമീനിസ്തുലദീപ്തിതല്ലജം
പ്രഭയേറിടുമാമുഖത്തുനി-
ന്നുയരുംസ്നേഹമരീചിതന്നെയാം. ൫൨

ദിനരാട്ടിനുമമ്പിളിയ്ക്കുമാ-
ചെറുനക്ഷത്രതതിയ്ക്കുമീവിധം
ഒരുശോഭപുറപ്പെടുത്തുവാ-
നൊരുനാളുംകഴിവില്ലനിശ്ചയം. ൫൩

പരമാമുഖദർശത്തിനു-
ള്ളൊരുസൌഭാഗ്യമെനിയ്ക്കുനൽകിടും
നവസൂര്യനുദിച്ചിടുന്നൊരാ
സുദിനത്തെയിവളെന്നുകാണുമോ! ൧൮

വിലയേറിയസുപ്രഭാതമേ!
വരണം,സ്വാഗതമോതിടുന്നുഞാൻ
വരണംജവമെന്നടുത്തുനീ
തരണംശാശ്വതമായൊരാസുഖം. ൧൯

* * * * *
* * * * *

അതിരറ്റൊരുഭാഗ്യമേ! ചെവി-
യ്ക്കുകമേയെന്തിതു?സന്മരന്ദമോ?
സുധയോ?പ്രിയനെന്റെപേർവിളി-
ച്ചിടുമാമംഗളവാണിയല്ലയോ? ൨൦

അവിടുന്നരുളുന്നതെന്തുഹാ!
"ക്ഷമകേടെന്നിയെപാർത്തിരിയ്ക്കുനീ
സതി!നിന്റെവിളക്കിലെപ്പൊഴും
നിറയെത്തൈലമൊഴിച്ചിരിയ്ക്കുനീ. ൨൧

ഒരുനാളിവനെത്തുമന്നുനി-
ന്നറയിൽദ്ദീപമെരിഞ്ഞിരിയ്ക്കണം
മണിഭൂഷകൾചാർത്തിയേകയാ-
യകമേനീയുമുണർന്നിരിയ്ക്കണം ൨൨

ഇവനെത്തിടുമക്ഷണത്തിൽവ-
ന്നെതിരേല്ക്കാൻതരമായിടുംവിധം
സമയത്തിനുമട്ടൊരുക്കമു-
ള്ളവളെങ്കിൽകൃതകൃത്യതന്നെ നീ" ൨൯

അറിയേണ്ടതറിഞ്ഞുഞാനിനി-
ച്ചെറുതുംസംശയമററിതേവിധം
അറയിൽത്തിരിയുംകൊളുത്തിയെൻ
പ്രിയനെക്കാത്തുദിനങ്ങൾപോക്കിടും. ൩൦

# II

പ്രിയനെന്തുവരാത്ത, തീമഹാ
വിപിനത്തിൽ ചിരകാലമായി ഞാൻ
തനിയേനിവസിപ്പു, രാത്രിയും
പകലും മാത്രകളെണ്ണിയീവിധം. ൧

രവിയങ്ങകലത്തു പിന്നെയും
മറയുന്നാഗിരിതൻെറ പിന്നിലായ്
ദിവസങ്ങൾ കടന്നുപോയിട്ട-
ന്നിനിയും ഞാൻ തനിയേ വസിയ്ക്കയോ! ൨

അടയുന്നിതു പങ്കജാവലി
വിടരുന്നാമ്പ,ലുദിപ്പു ചന്ദ്രനും
അണയുന്നിതു രാത്രി പിന്നെയും
പ്രിയനെക്കാണ്മതുമില്ലിതേവരെ. ൩

ഇരുളാം തിരതന്റെ പിന്നിലായ്
നിശയാകും നടി നിന്നുകൊണ്ടിതാ
നടനത്തിനു കോപ്പണിഞ്ഞിട്ടു-
ന്നവിടുന്നെന്തു വരാത്തതിപ്പൊഴും ! ൪

"വരുവേനിവ"നെന്നു സത്യമാ-
യരുളിച്ചെയ്തൊരു വാക്കു മൽപ്രിയൻ
പുനരെന്തു മറന്നുപോയിതോ ?
കനിവീയെന്നിലുദിച്ചിടായ്കയോ ? ൫

അവിടുന്നു മറന്നുപോകയോ !
ദയവില്ലാത്തവനായ് ഭവിയ്ക്കയോ !
വരികില്ലിതുരണ്ടുമെന്റെ ദു-
ർവ്വിധിയെന്നോർത്തു സമാശ്വസിച്ചിടാം. ൬

അതുമല്ലിവളും ഭാഗ്യഹീനയോ ?
സതിലോകത്തിനലഭ്യനായൊരാ
പതിതന്റെ കൃപാകടാക്ഷവും
ക്ഷിതിയിൽ നിസ്തുലഭാഗ്യമല്ലയോ ? ൭

വരുമെൻപ്രിയനെന്നു ശക്തിയാ-
യൊരുശബ്ദം ഹൃദയത്തിൽനിന്നിതാ
ഉയരുന്നതുസത്യമെങ്കിലീ
വലുതായുള്ളവിളംബമെന്തിനായ്! ൮

അഥവാപ്രണയാർത്തയായ ഞാ-
നിഹകാട്ടും ചപലത്തരങ്ങളിൽ
അവിടേയ്ക്കുരസം ജനിയ്ക്കയാ-
ലിവിടെങ്ങാനുമൊളിച്ചുനിൽക്കയോ! ൯

മതിയിക്കളി,ക്രൂരിരുട്ടിലീ-
യുലകംമുങ്ങുവതിന്നുമുന്നമേ
വരികെന്നരികത്തുവല്ലഭാ!
തരുവേനെൻഹൃദയംനിനക്കുഞാൻ ൨൦

നിമിഷംയുഗമെന്നമട്ടുഞാൻ
ക്ഷമയില്ലാതെകഴിച്ചിടുന്നിതാ
അവിടുന്നിനിയുംവിനോദമാ-
ന്നൊളിവിൽത്തന്നെവസിച്ചിടുന്നുവോ? ൨൧

കളിയല്ലനുരാഗബദ്ധയാ-
യുഴലുന്നേനിവൾജീവനായകാ!
അരുതേയിനിയുംവിളംബമെൻ
കരുണാസാഗര!സാധുവാണിവൾ ൨൨

കരുണാഗുണപൂർണ്ണനായനി-
ന്നരുണാംഭോരുഹതുല്യമാംമുഖം
ഒരുനോക്കിവൾകണ്ടുകൊള്ളുവാ-
നരുളേണംവരമാത്മവല്ലഭാ! ൨൩

പലതുംപറയുന്നതെന്തിനീ-
യളവുംസീമയുമററദിവ്യമാം
പ്രണയാംബുധിതന്നിലാണ്ടുഞാൻ
വലയുന്നേൻ,ക്ഷമനൽകണേഭവാൻ. ൨൪

പുതുതായ്മണിമന്ദിരംചമ-
ച്ചതിലെൻകാലുചവുട്ടിടാതെഞാൻ
അതിമോഹനമായലങ്കരി-
ച്ചതിലിട്ടേൻപുതുതായമഞ്ചവും. ൨൫

വിലയേറിയകമ്പളങ്ങളാൽ
നിലമെല്ലാംപുതുമോടിചേർത്തിതാ
മണിമഞ്ചമലങ്കരിപ്പതി-
ന്നുടയാത്തുള്ളവിരിപ്പുമിട്ടുഞാൻ ൧൬

അറയുംപരിതസ്ഥലത്തിലെ-
ത്തറയുംവീട്ടിനടുത്തപാതയും
നിറയെപ്പുതുതായ്‌വിരിഞ്ഞൊരാ-
ച്ചെറുപുഷ്പങ്ങളിറുത്തുതൂകിഞാൻ ൧൭

ഇലയുംരമണീയമായപൂ-
ങ്കുലയും മൊട്ടുകളും കലർത്തിഞാൻ
പലമാതിരിതോരണങ്ങളേ
നലമായ് കെട്ടിനിരത്തി പാതയിൽ ൧൮

മഴവില്ലുമടുത്തുവന്നുകൈ-
ത്തൊഴുവാൻ തക്കവിധത്തിലെത്രയും
അഴകാന്നവിളക്കുതൂക്കിഞാൻ
പിഴയില്ലാതെ കവാടസീമനി. ൧൯

തുലയററസുഗന്ധമെപ്പൊഴും
കലരും തൈലമതിൽ ചൊരിഞ്ഞുഞാൻ
തിരിയിട്ടു കൊളുത്തിദീപവും
വരുമെൻവല്ലഭനെന്നചിന്തയാൽ. ൨൦

പകലേകളിയും കഴിച്ചു ഞാ-
നകമേ പാരമുന്നനൊന്നൊരാശയാൽ
പ്രിയനേയെതിരേററുകൊള്ളുവാൻ
ക്ഷമയില്ലാതെയൊരുങ്ങിസത്വരം ൨൧

മുടിചിക്കിവിടുത്തുകെട്ടി ഞാ-
നുടയാത്തുള്ളൊരു ശുഭ്രവസ്ത്രവും
വടിവോടു ധരിച്ചു, കങ്കണം
കടകം മാലകൾ ചാർത്തി ഭംഗിയിൽ. ൨൨

പരിപാവനമാം പദങ്ങളിൽ
ചൊരിയാൻ മേൽത്തരമായ തൈലവും
കരതാരിലെടുത്തുകൊണ്ടിതാ
നിലകൊള്ളുന്നിവളെത്രനേരമായ്! ൨൩

ബതനിഷ്ഫലമീയൊരുക്കമെ-
ന്നതുവന്നാലിവളെന്തുചെയ്തിടും!
പതിനിർദ്ദയനല്ല, പിന്നെ ഞാ-
നതു ചിന്തിപ്പതുമൌഢ്യമല്ലയോ ൨൪

വരുമെൻ പ്രിയനിന്നുതന്നെയെ-
ന്നരികത്തെന്നതിനില്ല സംശയം.
പരമെൻക്ഷമകേടുകൊണ്ടുഞാൻ
നരകത്തെത്തനിയേചമയ്ക്കയോ! ൨൫

അയിവന്നിടുകാത്മവല്ലഭാ!
പ്രിയമേറും മമജീവിതേശ്വരാ!
അയിമൽപ്രിയ,ഹാമദീയഹൃത്-
കമലത്തിൻ തരുണപ്രഭാകരാ! ൨൬

അയിമാമകമൌലിരത്നമേ!
പ്രഭയേറുന്നൊരുമാർഗ്ഗദീപമേ!
പ്രണയാംബുധിതന്നിലെന്റെ ഹൃ-
ത്തള്ളവേമുക്കിയനാവികോത്തമാ! ൨൭

പരിപാവനരാഗമൊന്നിനാൽ
നിറയുംഹൃത്തിനകത്തുനിന്നിദം
ഉയരുംവിളിനിന്റെകാതുകൾ-
ക്കൊരുനാഗസ്വരമല്ലയോവിഭോ! ൨൮

വരികെന്നരികത്തുവല്ലഭാ!
തരുവേനെൻഹൃദയംനിനക്കുഞാൻ
ഒരുനാരിയിതിൽപരംമഹ-
ത്തരമാംകാഴ്ചപതിയ്ക്കുനൾകുമോ? ൨൯

ഇനിയുംവരികില്ലയോഭവാൻ?
തനിയേഞാൻനിവസിയ്ക്കയെന്നതോ
വിധിതൻമത,മെന്തുചെയ്തിടാം!
വരുവാനുള്ളതുവന്നുതീരണം. ൩൦

ഇതുസാഹസ,മില്ലയില്ലമൽ-
പതിയേവിട്ടുവസിയ്ക്കയില്ലഞാൻ
ഉടലെന്തിനുജീവനെന്തിനി-
ന്നവിടുന്നെന്നെവെടിഞ്ഞുവെങ്കിലോ? ൩൧

ഒരുനാഴിക-യല്ലമാത്രയും-
വരനേവിട്ടിനിവാഴുകില്ലഞാൻ
ഒരുപൈങ്കിളിപോലുടൻപറ-
ന്നണയുംതൽപദതാരിലിക്ഷണം. ൩൨

പ്രിയനേയൊരുകണ്ണുകാണുവാൻ
കഴിവില്ലാതെവരുന്നുവെങ്കിലോ
വളരുംപ്രണയാഗ്നിതന്നിൽഞാൻ
ബലിയർപ്പിച്ചിടുമെന്റെയീജഡം. ൩൩

മമജന്മമിതാർക്കുവേണ്ടി? ഞാൻ
മണിഗേഹംബതതീർത്തതെന്തിനായ്?
സുഖവുംസുകുമാരദേഹവും
ധനവുംകാത്തതുകൊണ്ടുകിംഫലം? ൩൪

നരകത്തിലുമെൻറനാഥനേ-
യരികിൽകാണ്മതുസാദ്ധ്യമെങ്കിലോ
എരിതീക്കനലിന്നകത്തുഞാൻ
പുരുമോദത്തോടുതന്നെവാണിടാം. ൩൫

ഇനിയെന്തിനുനിന്നിടുന്നു ഞാ-
നിവിടെക്കണ്ണിമകൂട്ടിടാതിദം!
വളരുന്നനിരാശകൊണ്ടുഞാൻ
തളരും കാഴ്ചയിതാരുകണ്ടിടും! ൩൬

അവിടുന്നു വസിച്ചിടും സ്ഥല-
ത്തുടനേയൊന്നുപറന്നുചെല്ലുവാൻ
ചിറകിക്ഷണമീഭുജങ്ങളിൽ
തിറമോടെങ്ങനെചേർത്തിടേണ്ടുഞാൻ! ൩൭

ക്ഷമയില്ലിഹനിന്നുകൊള്ളുവാൻ,
ചിറകില്ലൊന്നുപറന്നുപോകുവാൻ
ഒരുമട്ടിലുമൊന്നുമേയെനി-
ക്കുരുതേഞാൻ വലയുന്നു വല്ലഭാ! ൩൮

ഇവളുംദുർഭഗ നീചപാപിയെ-
ന്നതുസത്യം പരമെന്നിരിക്കിലും
പ്രണയാംബുധിയാത്മനാഥ, നീ
കരുണക്കാതലുതന്നെയല്ലയോ ? ൩൯

വലയുന്നവശംകെട്ടുന്നഞാ-
നലിവാർന്നുള്ള കടാക്ഷമെങ്കിലും
ചൊരിയേണമതല്ലയെങ്കിൽഹാ!
ദുരിതംദുസ്സഹമെൻറജീവിതം. ൪൦

മരണത്തിലുമില്ലഭീതി,യാ-
തിരുമാറിൽതലചായ്ച്ചുജീവനേ
വെടിയാൻതരമാകുമെങ്കിലോ
സഫലംമാമകജീവിതംദൃഢം. ൪൧

വരികെന്നരികത്തുവല്ലഭാ!
തരുവേനെൻഹൃദയംനിനക്കുഞാൻ
ഇതിലപ്പുറമെന്തുവേണ,മെൻ
പ്രിയനെന്നിൽകനിവോലുകില്ലയോ? ൪൨

ഗഗനേസസുഖംചരിയ്ക്കുമാ
പരമാണുക്കളിലൊന്നുപോലുമെൻ
പ്രിയനേയറികില്ലയോ,കനി-
ഞ്ഞൊരുദൂതങ്ങറിയിയ്ക്കയില്ലയോ? ൪൩

ഇനിയെന്തുപറഞ്ഞിടേണ്ടുഞാ-
നിനിയെന്തൊന്നിഹചെയ്തിടേണ്ടുഞാൻ?
എരിയുംമണിദീപമേന്തിയെൻ
പ്രിയനെപ്പാർത്തിഹനിന്നിടാംസദാ. ൪൪

* * * *

* * * *

ഇതുവിസ്മയ,മിത്രയിമ്പമാ-
യിവിടെപ്പാട്ടുവതേതുഗായകൻ!
മതിമോഹനമായകാഹള-
ധ്വനിയിക്കേൾപ്പതുമെങ്ങുനിന്നഹോ! ൪൫

നിശയിൽപകലോനുദിച്ചപോ-
ലതിയായുള്ളൊരുദീപ്തികൊണ്ടിതാ
ഇരുളേറിനകാനനംപരം
വിലസുംകാഴ്ചയിതിന്ദ്രജാലമോ! ൪൬

മണിമേടയിലെന്തു?നൃത്തമോ
സദിരോ,നാടകമോതിരിഞ്ഞിടാ
പലമാതിരിതാളമേളമാ-
ണവിടെക്കേൾപ്പതഭൂതപൂർവ്വമായ്. ൪൭

ശശിലേഖയുമീർഷ്യയാർന്നിടം
സുകുമാരാകൃതിപൂണ്ടബാലകർ
ഒരുനൂറുമഹാസ്രമൊത്തുചേ-
ർന്നവിടെപ്പാടിരസിച്ചിടുന്നിതാ. ൪൮

തുലയറ്റൊരുദേഹകാന്തിയും
സ്വരമാധുര്യമെഴുന്നഗാനവും
നരജാതിയിലിത്രമേൽവരാ-
നിടയില്ലെന്തിവർദൈവദൂതരോ! ൪൯

ചെറുകൈമണിവീണമദ്ദളം
മുതലായുള്ളൊരുവാദ്യമൊക്കെയും
അവരൊത്തുമുഴക്കിടുന്നതിൻ
സുഖമെന്തോന്നുപറഞ്ഞിടേണ്ടുഞാൻ! ൫൦

മധുരോമകരന്ദബിന്ദുവാ
സുധയോകാതിനകത്തൊഴിക്കിലും
ഒരുനാളുമണഞ്ഞിട്ടാത്തൊരീ
പരമാനന്ദമിതെത്രമേൽത്തരം! ൧൫

അവരെന്തൊരുദിവ്യഗാനമാ-
ണവിടെപ്പാടുവതെന്നുകേൾക്കുവാൻ
പെരുകുന്നകതാരിലാശ; ഞാ-
നരികത്തൊന്നണയട്ടെമന്ദമായ് ൧൬

അവരെൻപ്രിയനെസ്തുതിക്കയോ-
ണവിടുന്നാഗതനായിരിക്കയോ?
അഥവായിനിവന്നിടുമ്പൊഴേ-
യ്ക്കുതിരേല്ക്കുന്നതിനുള്ളവട്ടമോ! ൧൭

ശരി; സത്യമറിഞ്ഞിടുന്നു ഞാൻ;
പ്രിയനിങ്ങാഗതനല്ലയെങ്കിലോ
ഇരുളേറിനരാത്രിയീവിധം
പകലാക്കീടുവതേതുഭാസ്കരൻ? ൧൮

മുഴുതിങ്കളൊരായിരംനിര-
ന്നുദയംചെയ്കിലുമിത്രദിവ്യമായ്
ഒരുശോഭപുറപ്പെടുത്തുവാ-
നവരെയക്കൊണ്ടുകഴിഞ്ഞിടുന്നതോ! ൧൯

മമവല്ലഭനുണ്ടുമാളിക-
യ്ക്കകമേയെന്നതിനെന്തുസംശയം!
അതുലത്വരയോടടിയ്ക്കുമെൻ
ഹൃദയംതന്നെയതിന്നുസാക്ഷിയാം. ൨൰

ചരിതാർത്ഥതപൂണ്ടുകൊൾകനീ
മനമേ,നിൻഹൃദയാധിനായകൻ
അരികത്തിഹവന്നിരിപ്പതേ
പരിതോഷിക്കുകശങ്കവിട്ടുനീ. ൧൭

തിരുമുമ്പിലണഞ്ഞുശീഘ്രമാ
പദപാംസുക്കളെയെൻറവേണിയിൽ
അണിയാനുഴറുന്നമാനസം,
ജഡമോതെല്ലിളകുന്നമില്ലഹാ! ൧൮

അളവറ്റൊരുഭാഗ്യലബ്ധിയിൽ,
നിധികണ്ടെത്തിയഭിക്ഷുവെന്നപോൽ
ജഡമേതവകൃത്യബോധമി-
ന്നളവേനീയകലെത്യജിച്ചുവോ ൧൯

മണവാളനെയാദരിക്കുവാൻ
പണിപെട്ടിന്നുചമഞ്ഞതൊന്നുമേ
മതിയല്ലതുകൊണ്ടുകോൾമയിർ-
ക്കുളിർക്കുപ്പായവുമിപ്പൊഴിട്ടുനീ. ൨൦

ഇനിയെന്തിനുതാമസം? ജവം
പ്രിയനെക്കണ്ടുനമസ്കരിക്കുവാൻ
ഉഴറുംഹൃദയത്തെയീവിധം
വിഷമിപ്പിക്കുവതെന്തുസാഹസം? ൨൧

അഥവാജഡമെന്തുചെയ്യുമീ
പരമാനന്ദമഹാർണ്ണവത്തിലേ
അലകൾക്കടിപ്പെട്ടശക്തയായ്
നിലയില്ലാതുഴലുന്നവേളയിൽ! ൨൨

അധരത്തിന്നടുത്തണഞ്ഞൊരീ
സുധയേവായിലൊഴിച്ചിടാതെഞാൻ
വിറയാൎന്നിട്ടുമിക്കരങ്ങളാൽ
തറയിൽ ചിന്തുകയെന്നുവന്നിതോ! ൩൭

വരികില്ലതു, നിത്യമെന്മന-
സ്ഥിതിയെല്ലാമറിയുന്നവല്ലഭൻ
കരുണാനിധിയെൻെറയന്തികേ
വരുമിപ്പോളൊരുതാമസംവിനാ. ൩൮

ഒരുകാറെറാരുശീതവാതമെൻ-
തലയിൽപൂക്കളും പൊഴിച്ചുകൊണ്ടിതാ
പുറമേവിഹരിച്ചുട്ടത്തുവ-
നാകമേയെത്തിമയക്കിടുന്നുമാം. ൩൯

അന്തരീക്ഷമതിലെൻപ്രിയൻെറ പരിശുദ്ധനിശ്വാസന ഹേതുവാ-
ലന്തമററസുഖമേകിടും പവനനല്ലസിപ്പതറിയുന്നു ഞാൻ.
ചന്തമോടതിനെയുച്ഛ്വാസിക്കുമല്ലവെൻെറയിന്ദ്രിയമത. ഞ്ഞു, മെ-
ന്നന്തരംഗവുമമൎന്നിടുന്നരിയൊരല്പസത്തരസുഷുപ്തിയിൽ. ൪൦

# III

"ഇനിമതിസുഖനിദ്ര,യോമനേനീ-
യുണരുകനേരമിതാവിഭാതമായി
അരുണനുമഴകേറിടുന്നതങ്ക-
ക്കിരണമയച്ചുതുടങ്ങിഭൂതലത്തിൽ ൧

ഉണരുകജവമെന്റെയോമനേനീ,
കളനിനദത്തോടിതാവിഹായസങ്ങൾ
തരുനിരകളിലുള്ളകൂടുവിട്ടി-
ട്ടുരുതരമോദമൊടേപറന്നിടുന്നു. ൨

അളികളുമെതിരേയുണർച്ചയോടേ
നളിനസരസ്സുതിരഞ്ഞുപാഞ്ഞിടുന്നു
തളിരുകൾകുളിർകാററിലാടിടുന്നു
ലളിതമനോഹരതാണ്ഡവംകണക്കേ. ൩

അയി,തവചെറുമുല്ലപിച്ചിയെല്ലാം
ലതകളിളക്കിവിളിച്ചിടുന്നുനിന്നെ
അവയുടെചെറുകോരകങ്ങൾമന്ദ-
സ്മിതമഴകോടുചൊരിഞ്ഞുനിന്നിടുന്നു. ൪

ഉണരുകസുഭഗേ, സുമംഗലേനീ-
യുണരുക,നീലസരോജനേത്രയുഗ്മം
മതിമുഖിമതിനീത്തുറക്കമെന്ദം,
മണവറവിട്ടുപുറപ്പെടാംനമുക്ക്. ൫

സ്ഥിരവസതിയിതല്ല സത്യമായും
വരഗൃഹമാണു കുലാംഗനയ്ക്കു ഗേഹം
ഉണരുക ജവമങ്ങു ചെന്നുചേരാ-
മവിടെ നമുക്കൊരുമിച്ചു താമസിയ്ക്കാം. ൬

ഒരുപകലയവും വരാതെ നിത്യം
വിലസിടുമുന്നതഭാവുകങ്ങളെല്ലാം
പരിചിനൊടവിടത്തിലുണ്ടു കാണാ-
മുണരുക സത്വരമങ്ങു ചെന്നുചേരാം. ൭

സുരഭിലസുമവാടിയെത്രമെച്ചം!
മണിമയമന്ദിരജാലമെത്രകേമം!
തരുണികളണിമൈച്ചി, ഞാൻ നിനക്കായ്
കരുതിയതാണവയൊക്കെയൻപിനാലെ. ൮

ഇനി മതി സുഖനിദ്ര, യോമനേ നീ-
യുണരുക”യെന്നവിടുന്നു വീണ്ടുമോതി
കരതലമതിനാൽ തലോടിയെന്നെ-
പ്പരിചൊടു ചുംബനമേകിയെൻ മുഖത്തിൽ ൯

സിരകളിലൊരു വൈദ്യുതപ്രവാഹ-
ത്തിരയടിയേററതുപോലെ ഞാനുണർന്നു
അവശതയൊടടഞ്ഞിരുന്ന നേത്ര-
ദ്വയമുടനങ്ങു തുറന്നു നോക്കി ചുററും. ൧൦

കതിരവനുടെ കാന്തിപൂരമെല്ലാം
കവരുമൊരുന്നതദീപ്തിപുഞ്ജമപ്പോൾ
ഇവളുടെ നയനങ്ങൾ രണ്ടിലേയ്ക്കും
സുധയുടെ സത്തു പൊഴിച്ചു നിന്നിരുന്നു. ൧൧

ചുഴലവുമിവരുള്ളവളഞ്ഞുനില്ക്കും
പ്രഭയതിനുള്ളിലതിൻെറകേന്ദ്രമായി
വരനുടെവരദിവ്യകാന്തിചിന്നും
തിരുമുഖമെൻമിഴികൾക്കുലക്ഷ്യമായി. ൫൨

സുരപുരിയതിലുള്ള വക്ത്രശേഷം
ചിരസുഖദായകമായൊരാമുഖത്തെ
കരളതിലുളവററപാരിതാത്ഥ്യ-
ത്തിരയടിയോടിവൾനോക്കിനിന്നിമേഷം. ൫൩

“മതിമതി,യിതുതന്നെഭാഗധേയ-
ത്തികവിതിലുണ്ടഭിലാഷപൂർത്തിയെല്ലാം.
മതിയതിലിനിയില്ലവാഞ്ഛയൊന്നും
സഫലമതായ്‌മമജന്മമീക്ഷണത്തിൽ” ൫൪

ഗിരമിതുഭുവനംമുഴക്കിവാനിൽ
പരിചൊടുമാറെറാലിപൊങ്ങിടുംവിധത്തിൽ
പറവതിനുന്നേകതിച്ചുചിത്തം
രസനചലിച്ചതുമില്ലതെല്ലുപോലും. ൫൫

തിരുമുഖമതുനോക്കിനോക്കിനേത്ര-
ദ്വയമചലസ്ഥിതിയാർന്നമട്ടുതന്നേ
അടിമുതൽമുടിയോളമംഗമെല്ലാം
സ്ഥിരതരനിശ്ചലതയ്ക്കധീനമായി. ൫൬

ഇതുവരെയവളേതിനായുഴന്നോ,
നിധിയതുകൈവശമായതിന്നുയാലേ
ഇനിയവൾചെറുതൊന്നുവിശ്രമിപ്പാൻ
തുനിയുവതോർക്കിൽനീതിതന്നെയല്ലോ. ൫൭

പരവസ്തുപരമാൎത്ഥമാണു; ഞാനീ
ധരണിയിലാണുവസിപ്പതെന്നപോലും
ഒരുനിനവകമേയുദിച്ചിടാത്തു-
ള്ളൊരുനിലയാണനുഭൂതമായതപ്പോൾ. ൧൮

ചിലനിമിഷമിതേവിധം കഴിഞ്ഞാ
ല്പരവശഭാവമതെന്നെവിട്ടകന്നു
സ്ഥിതിഗതികളശേഷമൊട്ടുബോധ-
ത്തെളിവൊടുതന്നെയറിഞ്ഞുവേണ്ടപോൽ
ഞാൻ. ൧൯

പ്രിയനുടെ പരിരംഭണത്തിലങ്ങേ
പ്രണയനികേതനമായമാറിടത്തിൽ
പരവശയിവൾ ചാരിവിശ്രമിക്കു-
ന്നൊരുനിലകണ്ടധികം കൃതാൎത്ഥയായ് ഞാൻ.
൨൦

ഒഴുകിടുമൊരുബാഷ്പധാരയോടും
തൊഴുതൊരുപാണികളോടുമങ്ങെണീറ്റു
കഴലിണയതിൽ ഞാൻ പതിച്ചു; കണ്ണീർ-
പ്പുഴയതിലപ്പദപങ്കജം നനച്ചു. ൨൧

"ഇവളബല, യിതിന്നയോഗ്യ, യീനിൻ
പരമദയയ്ക്കൊരു നന്ദിപോലുമോതാൻ
ഒരുമൊഴിയറിയാത്തസാധു, ചങ്ങ-
ച്ചരണസരോരുഹദാസി ഞാൻ ദയാലോ! ൨൨

പദതളിരതിലുള്ളരേണുജാലം
തറയിലുതിൎന്നുകളഞ്ഞിടുന്നതെന്തേ?
ഇവളുടെതലയിൽപ്പൊഴിയ്ക്കു, പാപ-
ക്കറകളിൽനിന്നിവൾ മുക്തയായിടട്ടെ! ൨൩

ചിരമിവളുടെയുത്തമാംഗമങ്ങേ-
ച്ചരണയുഗത്തിൻപീഠമാക്കിവയ്പാൻ
പെരുകിടുമഭിവാഞ്ഛയൊന്നുമാത്രം
തിരുവടിക്കൂപ്പിയുണർത്തിടുന്നിതാഞാൻ” ൫൪

ഒരുവിധമിതുഞാൻപറഞ്ഞുതീരു-
ന്നതിനിടകിട്ടിയതില്ലതിന്നുമുമ്പിൽ
അരുമയൊടഖിലാണ്ഡവുംഭരിയ്ക്കും
കരയുഗവല്ലികൾവന്നുചുററിയെന്നെ. ൫൫

“മതിമതിയെഴുന്നേല്ക്കു,നിന്റെചിത്ത-
സ്ഥിതികളശേഷമറിഞ്ഞിടുന്നവൻഞാൻ
മതിമുഖി,യിനിനീയൊരൊററവാക്കും
പതിയൊടുണർത്തുകവേണ്ടനാരിമൗലേ! ൫൬

അതുമിതുമുരചെയ്തുതാമസിപ്പാൻ
സമയമിതല്ല,പുറപ്പെടാംനമുക്ക്
കതിരവനണയുന്നതിന്നുമുമ്പേ
വസതിയിലെത്തിനമുക്കുവിശ്രമിയ്ക്കാം. ൫൭

ചിരമവിടെനമുക്കുരണ്ടപേക്ഷാ
പുരുസുഖമോടൊരുമിച്ചുതാമസിയ്ക്കാം
വിരഹമതണയാതനന്തകാലം
പരിചിൽനമുക്കൊരുമിച്ചുസല്ലപിയ്ക്കാം.” ൫൮

ഇതുവിധമരുൾചെയ്തുപാർശ്വഭാഗ-
ത്തിവളെയണച്ചുമുദാതലോടിമന്ദം
“ഭവദഭിമതമെന്റയിഷ്ട”മെന്നായ്
സവിനയമാതിടുത്തുനിന്നുഞാനും. ൫൯

ഉടനാടിയെഴുന്നേററുപാക്ഷമോടെ
തഴുകിയണച്ചവളെപ്പിടിച്ചുകൊണ്ടു്
"അയി! വരികനമുക്കുപോയിടാ"മെ-
ന്നരുളിനടന്നുതുടങ്ങിയാത്മനാഥൻ. ൩൦

പതിയുടെപദപങ്കജങ്ങൾനോക്കി-
ക്കുതുകമൊടങ്ങുനടന്നുതാനുമപ്പോൾ
അതുവരെയറിയാതിരുന്നസാക്ഷാൽ
പുതിയൊരുപാതയതിൽകടന്നുശീഘ്രം. ൩൧

പദയുഗമവിടെച്ചവട്ടിടുമ്പോൾ
ധരണിയിലല്ലതൊടുന്നതെന്നുതോന്നി
പലവിധനവസൂനതല്ലജങ്ങൾ
വഴിയിൽനിരന്നുകിടന്നിരുന്നുനീളെ ൩൨

ഇളവെയിലതുവന്നുതട്ടിടുമ്പോ-
ളവയുടെശോഭസമുജ്ജ്വലിച്ചിരുന്നു.
പ്രിയനുടെപദമങ്ങുതത്തിടുമ്പോ-
ളവയിതരംകുളുപ്പിനമിച്ചുനിന്നിരുന്നു. ൩൩

കനകനിറമണിഞ്ഞുദിവ്യഗന്ധ-
പ്രചുരിമയൊന്നുസുമങ്ങളൊട്ടനേകം
തലയിലവിതംപൊഴിഞ്ഞിരുന്നു
സുഖകരമായൊരുസൂനവൃഷ്ടിപോലെ. ൩൪

അതിമൃദുതരമാം ചിലന്തിനൂലിൽ
പുതിയസുമങ്ങൾതടഞ്ഞുതൂങ്ങിനിന്നു്
ചൊടിയൊടുകളിർകാററുതട്ടിടുമ്പോ-
ളിളകിമറിഞ്ഞവതോരണംകണക്കെ ൩൫

ഇരുവശമിടതൂർന്നു നിന്നിടും
തരുനിരതോറുമിരുന്നു പക്ഷിജാലം
കളകളരവമാലപിച്ചിരുന്നു
തളിരുകൾ താളമടിച്ചിരുന്നു മോദാൽ ൩൬

കവികുലമറിയാത്തനന്യകാന്തി-
പ്രചുരിമയാർന്നൊരു പീലിയും വിടർത്തു്
ഇളകിന മഴവില്ലുകൾക്കു തുല്യം
മയിലുകളാടിയിരുന്നു ശാഖിതോറും. ൩൭

നളിനികളിലിരുന്നു ഹംസജാലം
മിളിതകുതൂഹലമിങ്ങടുത്തു വന്നു്
അളികളശുചിയാക്കിടാത്ത പുത്തൻ
നളിനദളം വഴിനീളെയിട്ടിരുന്നു. ൩൮

സുരുചിരതരവർണ്ണകാന്തി ചിന്നും
ചിറകുകളങ്ങു വിരിച്ചു ഭംഗിയായി
ഇരുവശമണിയിട്ടു പഞ്ചവർണ്ണ-
ക്കിളികളകമ്പടി സേവ ചെയ്തിരുന്നു. ൩൯

നിയതി, മഹിതമായ്ച്ചമച്ച വള്ളി-
ക്കുടിലുകളിൽ ചെറുതൊന്നു വിശ്രമിപ്പാൻ
ഇടയിടെയിവരെ ക്ഷണിച്ചിരുന്നു
ലതകളിളക്കിയുദാരഭാവമോടേ. ൪൦

സുഖകരവഴിയാത്ര, വിശ്രമിയ്ക്കാ-
നിരുവരുമല്പവുമാഗ്രഹിച്ചതില്ല
അരുതാനിമിഷം വിളംബമെന്നായ്
കരളിലുറച്ചു നടന്നിരുന്നു ഞങ്ങൾ. ൪൧

സമതലമത്രമാത്രമല്ല,കുന്നും
മലകളുമുന്നതപർവ്വതങ്ങളെല്ലാം
ഇവരുടെഗതിയെത്തടഞ്ഞുനില്ക്കു-
ന്നളവകലത്തിവർകണ്ടിരുന്നുനന്നായ്. ൪൨

ഭയമൊരുചെറുതുള്ളിലങ്കുരിച്ചി-
ല്ലവയുടെകാഴ്ചയിലെന്നുമാത്രമല്ല
പ്രിയനുടെകരമാശ്രയിച്ചുകൊണ്ടാ
മലകയറ്റാനൊരുകൌതുകംജനിച്ചു. ൪൩

ഒരുനൊടിയിടകൊണ്ടുകൊള്ളിമീൻപോ-
ലിവരചലാധിപസാനുവിങ്കലെത്തി.
ധവളിമകലരുന്നമേഘമൊന്നാ
കൊടുമുടിവിട്ടുടനിങ്ങുതാണുവന്നു. ൪൪

പ്രിയനുടെപാദതാർമുദാനമിച്ചി-
ട്ടിവരെയെടുത്തുവിയത്തിലങ്ങുയർന്നു്
അപകടമറിയാത്തൊരാവിമാനം
ദിവിബഹുവേഗതയോടുസഞ്ചരിച്ചു. ൪൫

പലപലവലുതായഭൂധരങ്ങൾ
മലകൾവനങ്ങളിതൊക്കെയുംകടന്നു്
ഒരുസമതലമായതിൻ്റെമദ്ധ്യേ-
യിവരെയിറക്കിനമിച്ചുപിൻതിരിഞ്ഞു ൪൬

അതിശയമതിയായചാരിതാർത്ഥ്യം
കുതുകമിതൊക്കെയകത്തുതിങ്ങിനിന്നു്
ഇവളുടെനയനങ്ങളുജ്ജ്വലത്തായ്
പതിയുടെദൃഷ്ടികളിൽപതിഞ്ഞുശീഘ്രം. ൪൭

ഒരുവകമൃദുശീതരശ്മിയങ്ങേ
തിരുനയനങ്ങളിൽനിന്നുമെല്ലെവീശി
ധരണിയുമഖിലാണ്ഡവുംലസിപ്പി-
ച്ചിടുവതുകണ്ടിവൾനിന്നിമേഷയായി. ൪൮

പനിമതി, പകലോ, നുഡുക്കളുംമൽ-
പതിയുടെനേത്രമരീചിതട്ടിയത്രേ
അവയുടെനിതരാംപ്രകാശമാന-
സ്ഥിതിയിഹകാട്ടിവരുന്നതീവിധത്തിൽ. ൪൯

പലതിഹപറയേണ്ടതുണ്ടുവാക്കാ-
ലവയെഴുതീടുകസാദ്ധ്യമല്ലതെല്ലും.
വിബുധരുമറിയാത്തതത്വമെല്ലാ-
മബലയറിഞ്ഞിതുദൈവനിശ്ചയത്താൽ. ൫൦

ഒരുപെരുകുളിർതെന്നലെന്റെമെയ്യിൽ
തടവിയടുത്തുവരുന്നതായറിഞ്ഞു്
ചുഴലവുമിവളൊന്നുനോക്കിയപ്പോൾ
സുരുചിരമാസമഭൂമികണ്ടുനന്നായ്. ൫൧

അതിരതിനൊരിടത്തുമില്ലകാണ്മാ-
നതിമൃദുവായ്വളരുന്നഗുല്മജാലം
ഹരിതനിറമണിഞ്ഞകമ്പളംപോ-
ലുരുതരകാന്തിയതിന്നുചേർത്തിരുന്നു. ൫൨

ദിവിവിലസിനവെള്ളമേഘജാലം
ഭുവിനിപതിച്ചിളകിക്കളിച്ചിടുംപോൽ
വെളുവെളെനിറമാർന്നസംഖ്യയില്ലാ-
ജകുലമങ്ങുകളിച്ചുമേഞ്ഞിരുന്നു. ൫൩

ഒരുവകവലുതായദിവ്യരത്നം
ദിനമണിയോടെതിരായദീപ്തിയോടേ
മുഖമതിനൊരുദിവ്യകാന്തിചേർത്തി-
ട്ടവയുടെനെററിയിലുജ്ജ്വലിച്ചിരുന്നു. ൭൦

അതിനുപരി,മനോജ്ഞതങ്കവർണ്ണ-
പ്രഭചിതറുംലിപിചേർന്നനാമധേയം
വിലസിടുവതുകണ്ടുമേന്മയോടേ
വിലപെരുമുന്നതഭൂഷണംകണക്കെ. ൭൧

അവയുടെനിതരാംവിശുദ്ധമാമോ-
രഭിധയതോസുരലോകഭാഷയത്രേ.
എഴുതുകപണിയെന്നുമാത്രമല്ല
ധരണിയിലാരുമതുച്ചരിക്കയില്ല. ൭൨

ഇളവെയിലൊളിതേററുംപുൽപ്രദേശ
ത്തിളകിമറിഞ്ഞവർകേളിയാടിടുമ്പോൾ
അവയുടെസുഷമാവിശേഷമോതാൻ
കവികലവാട്ടിനുമാവതല്ലന്നൂനം. ൭൩

പലവിധകുസുമങ്ങൾചിത്രവർണ്ണ-
പ്പറവകൾമോഹനമാംലതാനികുഞ്ജം
മധുരതരഫലങ്ങളെന്നിതെല്ലാ-
മവിടെനിറഞ്ഞുസമൃദ്ധിയായിരുന്നു. ൭൪

ഹിതകരമൊരുകാഴ്ച കണ്ടുനില്പാൻ
കുതുകമുദിച്ചിടുമേതൊരാൾക്കുമെന്നാൽ
ഇവരതിനുതുനിഞ്ഞതില്ല; ശീഘ്രം
സമതലമായതുപിന്നിലാക്കിഞങ്ങൾ ൭൫

അഥ ചെറുതകലത്തുകാണുമാറാ-
യലകളുയർന്നിളകുംമഹാസമുദ്രം
അരികിലുടനണഞ്ഞുതങ്ങളപ്പോ-
ളൊരുതിര വന്നടിക്കുപ്പിയങ്ങുനിന്നു. ൩൦

അതിനുപരിപിടിച്ചിരുത്തിയെന്നെ-
പ്പതിയുമതിൽക്കയറീട്ടടുത്തിരുന്നു.
ഒരുകരമതിനാൽ സദാപിയെന്നെ-
പ്പുറമപ്പുമാൻതഴുകിപ്പിടിച്ചിരുന്നു. ൩൧

തിരയുടനിളകിച്ചിരിച്ചുമുമ്പോ-
ട്ടൊരുജലവാഹനതല്പജംകണക്കേ
പവനനുമനുകൂലമായിവീശീ-
ട്ടവിരതമങ്ങനുയാത്രചെയ്തിരുന്നു. ൩൨

ജലനിധിഭുവനൈകപൂജ്യനാമി-
പ്പഥികനെയൊന്നു സമാദരിച്ചയപ്പാൻ
കരളിലതിരകന്നഭക്തിയോടേ
പലവിധലീലകൾ ചന്തമായ് നടത്തി. ൩൩

“ഉടലിതുവലുതെന്റെയാഗ്രഹംപോ-
ലരുതെഴുനേല്പതി”,യെന്നുകാട്ടിടാനോ
ഇടയിടെയവനല്പമൊന്നുയർന്നി-
ട്ടുളുപടിതാണുകിടന്നിരുന്നുവീണ്ടും. ൩൪

അലകളുയരുമാമഹാരവത്താ-
ലവനതിഥിക്കുജയാരവംമുഴക്കി
നുരകളമൃതമായ് പദാംബുജത്തിൽ
പരിചൊടുകാഴ്ചയണച്ചുസല്ക്കരിച്ചു ൩൫

ഇവരുടെനവമായയാനപാത്രം
ചിലസമയത്തുവിയത്തിലങ്ങുയർന്നും
ഉടനടിയതുപോലധഃപതിച്ചും
രസകരമായൊരു "തൊട്ടിയാട്ട"മായി. ൨൬

പലതിരകളടുത്തുകൂട്ടിമുട്ടി
ച്ചിതറിനവാരികണങ്ങളംബരത്തിൽ
ഉദയദിനകരൻെറരശ്മിതട്ടി-
പ്രചിതരുംമണിജാലമായ് ലസിച്ചു. ൨൭

ഉടലതുമഴവില്ലുപോൽതിളങ്ങു-
ന്നൊരുവകമത്സ്യസമൂഹമങ്ങുയർന്ന്
പറവകൾതലതാഴ്ത്തിടുംവിധത്തിൽ
ചിറകുവിരിച്ചുദയിയ്ക്കുമേൽപറന്നു. ൨൮

വരുന്നടെതിരുമാറില്ലാത്തമോദം
തലയുമണച്ചുസുഖിച്ചു ചാഞ്ഞിരുന്ന്
ഇതുവിധമിവകണ്ടകാഴ്ചയെല്ലാ-
മിവിടെയുരപ്പതുവാക്കിനാലസാദ്ധ്യം. ൨൯

മമഗൃഹമതുവിട്ടനേകകാതം
വഴിജവമോടിവർപിന്നിലാക്കിയെന്നാൽ
ദിനമണിയുടെയാനിലയ്ക്കുവന്നി-
ല്ലണുവുമുയർച്ചയതത്ഭുതാവഹംതാൻ ൩൦

അലകടലതുപിന്നിലാക്കിവേഗം
വരഗൃഹമെത്തുവതിന്നുമാനസത്തിൽ
പെരുകിടുമഭിവാഞ്ഛകൊണ്ടുമോദാൽ
തിരയുടെവേഗതനോക്കിഞാനിരുന്നു. ൩൧

ഉടനൊരുവലുതായദീപ്തിവിദ്യു-
ല്ലതികകണക്കുപരന്നിതാഴിതന്നിൽ
ഒരുവലിയസുവർണ്ണവാരിദംതെ-
ല്ലകലെമഹാബ്ധിയിൽനിന്നുയർന്നുമന്ദം ൧൨

ജവമതുവലുതായ്‌വിയത്തിൽനിന്നും
ജലധിയിലേയ്ക്കുവിരിഞ്ഞുതൂങ്ങിടുന്ന
യവനികയതുപോൽതിളങ്ങിനിന്നി-
ട്ടൊരുവകയുഗ്രമരീചിയുദ്ഗമിച്ചു. ൧൩

അനവധിരവിബിംബമൊത്തുദിച്ചാ-
ലിതിലുമസഹ്യതതോന്നുകില്ലനൂനം
അതുവിധമസുഖംകലർന്നനേത്ര-
ദ്വയമുടനങ്ങറിയാതടഞ്ഞുപോയി. ൧൪

ഭയമുടനകമേവളർന്നു,കൈകൾ
പ്രിയനെവിരഞ്ഞതഭയത്തിനായുഴന്നു
വിധിവല,മഹാമഹേന്ദ്രജാലം!
പരമപ്രിയമാനെയടുത്തുകണ്ടതില്ല. ൧൫

ഉടലതുവിറപൂണ്ടു,തൊണ്ടവല്ലാ-
തിടറിയടഞ്ഞ,ധരദ്വയംചലിച്ചു,
അതിജവമൊട്ടുനെഞ്ഞിടിച്ചു,ശേഷം
പറയുവതെങ്ങനെ?ഞാൻതളർന്നിടുന്നു! ൧൬

അസുഖകിരണമേററടഞ്ഞനേത്ര-
ദ്വയമൊരുമട്ടിരുമ്മിഞാൻതുറന്നു
ധരണിയിലഖിലംനിറഞ്ഞിരുന്നോ-
രിരുളതുമാത്രമെനിയ്ക്കുദൃശ്യമായി. ൧൭

"ഇതുവരെയിവളെപ്പിടിച്ചുമാറിൽ
തഴുകിയണച്ചുനയിച്ചിരുന്നദിവ്യൻ
ഇരുളിലിവളെയീവിധംവെടിഞ്ഞി-
ട്ടെവിടെമറഞ്ഞുവസിച്ചിടുന്നതിപ്പോൾ! വ്യ

ഇതുവരുവതിന്നെന്തുബന്ധ,മെന്തോ-
ന്നിവളപരാധമിതിന്നിടയ്ക്കു ചെയ്തു!
വരഗൃഹമണയാൻതിടുക്കമൊന്നെ-
ന്നതുശരി,യായതുകുററമെന്നുവന്നോ! ഒൻ

കരുണയുമനുരാഗവുംനിറഞ്ഞോൻ,
ചരണയുഗാശ്രിതയായ് വരിച്ചൊരെന്നെ
ഇരുളിതിലവലംബമെന്നിയേവി-
ട്ടകലുകയെന്നതുസംഭവിപ്പതാമോ? വ്യാ

ഇതുവരെയനുഭൂതമായതെല്ലാം
കുതുകമണച്ചവെറുംകിനാവുതാനോ?
അനുഭവമിതു തന്നെസത്യമോ? ഞാൻ
കഥയറിയാതെകുഴങ്ങിടുന്നുപാരം. വ്യഥ

പ്രിയതമനിഹവായ് ചക്രരിരുട്ടി-
ന്നിടയിൽമറഞ്ഞുവസിക്കയായിരിക്കാം
ഇവളുടെവിരഹാർത്തികണ്ടിടാനും--
കൗതുകമോടങ്ങനെചെയ്തതായിരിക്കാം." വ്യവ

ചപലചലനിനവീവിധത്തിലുള്ളിൽ
ജലധിയിലെത്തിരമാലകൾക്കുതുല്യം
തുടരെയിളകിവന്നുശക്തിയായി-
ട്ടരനിമിഷത്തിലൊരായിരക്കണക്കായ് വ്യന്മ

അവയിലൊരണുപോലുമാശ്രയിക്കാ-
തിവളിടനെഞ്ചു,തകർന്നുനിശ്വസിച്ചു
കരയുഗമത്തുനീട്ടിനാലുപാടും
പ്രിയനെവിരഞ്ഞഥകണ്ണുനീർപൊഴിച്ചു. ൰൪

തിരയുടെഗതിനിന്നു,തൽക്ഷണം ഞാ-
നുദധിയിലാണ്ടുതുടങ്ങിമന്ദമന്ദം
അവശതചെറുതൊന്നുമല്ലപാർത്താൽ
കരചരണങ്ങളിളക്കിനീന്തിടാനും. ൰൫

വ്യസനവുമതിയായഭീതിയുംപോ-
ന്നിടറിയകണ്ഠമതിന്നകത്തുനിന്നും
"അയിവരികരുണയ്ക്കുവല്ലഭാ"യെ-
ന്നൊരുവിളിയോടിവളങ്ങുതാണുപോയി. ൰൬

* * * * *

* * * * *

# IV

കടലിളകിമറിഞ്ഞു ഘോരമായി-
ട്ടലറിവിയത്തിലുയർന്നു വീചിജാലം.
ഇവളതിനിടയിൽക്കുടുങ്ങി; ജീവൻ
പരഗതി തേടിയടുത്തു മിയ്ക്കവാറും. ൧

തിരകളിവളെയിട്ടടിച്ചുലക്കി-
ക്കഴകിയുലച്ചുമറിച്ചു നാലുപാടും
ഗഗനഭുവിയെറിഞ്ഞു, താഴെയിട്ടു,
കരുണവെടിഞ്ഞവ തള്ളിയങ്ങുമിങ്ങും ൨

ഒരു തിരയിവളെയെടുത്തെറിഞ്ഞി-
ട്ടൊരു ശതയോജനദൂരെയേതിടത്തോ
കരയുടെയരികത്തു കൊണ്ടുചെന്നാ-
തരിമണലിൽത്തലകുത്തിയിട്ടൊടുക്കം. ൩

അവയവമഖിലം തളർന്നു ജീവ-
ച്ഛവമതുപോലെ കിടന്നു ഞാൻ മയങ്ങി.
ഒരു മൃദുകരമായിരുട്ടിലെന്നെ-
ത്തടവിയിരുന്നതുപോലെനിക്കു തോന്നി. ൪

ചുടുജലകണമെന്റെ മുഖത്തു വീണു,
ചില നെടുവീർപ്പു ചെവിയ്ക്കടുത്തു കേട്ടു,
തരിമണൽ നിറയും കവിൾത്തടത്തിൽ
പരിമൃദുവായൊരു ചുംബനം പതിഞ്ഞു. ൫

അധരമതുവിട്ടെത്തിയെന്റെവായിൽ
മധുരതരദ്രവമൊന്നൊഴിച്ചുതന്നു,
അതിരുചിയൊടുഞാൻകുടിച്ചു, വീണ്ടും
പരവശനിദ്രയിലാണ്ടുപോയിവേഗം. ൬

അനുഭവമിവയാരിൽനിന്നുവന്നെ-
ന്നവശമനസ്ഥിതിചിന്തപൂണ്ടതില്ല.
അപകടനിലപോലുമോർത്തിടാതാ-
ക്കടലരികത്തുകിടന്നുതാന്തയായ് ഞാൻ. ൭

"ഉണരുകജവമെന്റെയോമനേ! നീ-
യപകടമുണ്ടിവിടെക്കിടന്നിരുന്നാൽ
അകലുകജവമീസ്ഥലത്തുനിന്നെ"-
ന്നൊരുമധുസ്വരമെന്റെകാതിലെത്തി. ൮

കരളതിലമൃതംചൊരിഞ്ഞതദ്ദിവ്യ--
സ്വരമവിശങ്കമറിഞ്ഞുതൽക്ഷണംഞാൻ.
നിധിയിവൾകടലിൽക്കളഞ്ഞതിപ്പോൾ
കരഗതമെന്നുധരിച്ചുണർന്നുവേഗം. ൯

"അയി! മമഹൃദയാധിനായകാ! ഞാൻ
പരവശയാണവിടുന്നുപോയിടല്ലേ!
വിരഹമിതരമാത്രയുംസഹിപ്പാ—
നരുതിനി, ഞാൻപരമാർത്ഥമോതിടുന്നേൻ. ൧൦

ഇരുളിലെവിടെയങ്ങുവാണിടുന്നെ-
ന്നിവളറിയാതുഴലുന്നുജീവനാഥാ!
വരികവരികവല്ലഭാ! ഭവാ"നെ-
ന്നൊരുവിളിയൊടുവിരഞ്ഞുചുറ്റിലുംഞാൻ. ൧൧

വിജനമവിടമെന്നുകണ്ടുചിത്ത-
ഭ്രമമുളവായതുപോലെക്രൂരിരുട്ടിൽ
അവിടവിടെനടന്നുമോടിയും ഞാൻ
പ്രിയനെവിളിച്ചുനിരാശയേശുമെന്യേ ൮൨

ഉടലുളവൊരുദീപ്തിപുഞ്ജമപ്പോൾ
ചെറുതകലത്തുതെളിഞ്ഞുകാണുമാറായ്
അതുമമഹൃദയത്തിലല്പമല്ലാ-
ത്തൊരുസുഖവും പരമാശയും വളർത്തി ൮൩

ഇവളതിനുടനേക്കുപാഞ്ഞു, ദിവ്യ
പ്രഭയതുതൽക്ഷണമങ്ങകന്നുപോയി,
വളരെയകലെയെന്റെനോട്ടമെത്തും
വരെയുമതിൻഗതിഞാൻവിടാതെനോക്കി. ൮൪

ഒടുവിലതുമറഞ്ഞു; ഞാൻനിരാശ-
യ്ക്കിടകൊടുകില്ലൊരുനാളുമെന്നുറച്ച്
അതുവഴിയുടനേനടന്നു, കാലിൽ-
ചിലചെറുമുള്ളുകൾശക്തിയായ്തറഞ്ഞു. ൮൫

അസുഖമതുവെറും വിനോദമായി-
ക്കൊതുകുകടിയ്ക്കുസമാനമായ്ഗണിച്ച്
തുടരെയൊരടിക്രൂടിവച്ചുമുമ്പോ-
ട്ടവിടെയുമാസ്ഥിതിതന്നെയെന്നുകണ്ടു. ൮൬

അബലകളറിയാത്തധൈര്യമെന്നിൽ
പ്രബലതപൂണ്ടു, നടന്നു പിന്നെയും ഞാൻ
അനുപദമസുഖം വളർന്നുവന്നി-
ട്ടരുതുപുരോഗതിയെന്നമട്ടിലായി. ൮൭

നിശിതതരകഠോരകണ്ടകങ്ങൾ-
ക്കപരിചവിട്ടിയകാലുറച്ചിടാതെ
ഇതരപദമെടുത്തുമാററിവയ്പാൻ
കഴിയുവതെങ്ങനെയേതുധൈര്യവാനും! ൧൮

സുരഭിലകുസുമാവലിയ്ക്കുമീതേ
പ്രിയനൊരുമിച്ചു നടന്നിരുന്നനേരം
വിധിമതമിതുമട്ടിലിത്രവേഗം
വരുമൊരുസംഗതിയാരറിഞ്ഞിരുന്നു! ൧൯

ഇരുളിലിരുകരങ്ങൾകൊണ്ടുതപ്പി-
ത്തടവി; ഇടഞ്ഞിടതുന്നിയന്നനില്ക്കും
അസുഗമമൊരുഘോരമുൾപടപ്പാ-
ണിവളുടെകൈകളിലെത്തുപെട്ടതപ്പോൾ. ൨൦

"കട്ടകിടയുമഘോവിടാതെമുള്ളിൻ
വിഷമുനകൊണ്ടുതുളഞ്ഞുവേദനിയ്ക്കും
ചരണയുഗമിതിന്റെമേൽ ചവിട്ടാൻ
വിധിമതമോ? വഴികാണ്മതില്ലവേറെ. ൨൧

മൃദുതര ചരണങ്ങളിൽധരിപ്പാ-
നബലയിവൾക്കിഹ പാദരക്ഷയില്ല.
വഴിയുടെപ്രതിബന്ധമൊന്നുനീക്കാ-
നതകിടുമായുധമില്ലകൈവശത്തിൽ ൨൨

ഉടജനമടരിൽധരിച്ചിടുമ്പോൾ
കവചവുമില്ലുടലിൽധരിപ്പതിന്നായ്
അസുഖമിതഖിലംസഹിച്ചിടാംഞാ-
നൊരുചെറുദീപവുമില്ലതാണസഹ്യം. ൨൩

ദുരിതമിതിലുമേറെയാകിലുംഞാൻ
വഴിയിതുവിട്ടൊരുകാണിമാറുകില്ല.
പ്രിയനിതുവഴിപോയിരിക്കയാലെ-
ന്നുടലുവെടിഞ്ഞുമിതിൽചരിച്ചിടുംഞാൻ. ൨൪

സ്ഥിരതയൊടകമേനിറഞ്ഞിരിക്കും
പ്രണയമെനിക്കൊരുപാദരക്ഷയായും
കരതലമതിലെക്കൃപാണമായും
ക്ഷതമറിയാത്തൊരിരുമ്പുപട്ടയായും. ൨൫

ഇരുളഖിലമകററിയെൻറകണ്ണിൽ
പ്രഭയരുളുന്നൊരുമാർഗ്ഗദീപമായും
ഉതകിടു,മെതിരററശക്തിദിവ്യ-
പ്രണയമതാ,ണതുമാത്രമാണുന്നതം." ൨൬
(യുഗ്മകം)

കരളിലിതുവിധംനിനച്ചുധൈര്യ-
ത്തികവൊടുഞാൻപടയാളിവീരനെപ്പോൽ.
ഒരുകുതിവിരവിൽകുതിച്ചുമുമ്പോ-
ട്ടതുലമഹത്തരശക്തിയോടുകൂടി. ൨൭

കവിയുമൊരനുരാഗശക്തിയാലേ
ലഹരിപിടിച്ചതുപോലെമുൾപ്പടപ്പിൽ
ഉടലിതുബലിചെയ്തിടാനുറച്ചി-
ട്ടതിനകമേയിവൾചാടിവീണുവേഗം. ൨൮

അടിമുടിയൊരുപോൽപറിഞ്ഞുകീറി-
ക്കടുനിണമങ്ങൊഴുകുന്നതിന്നിടയ്ക്കും
ചൊടിയൊടുബലവത്തരങ്ങളാംമുൾ-
ച്ചെടികൾചവുട്ടിഞെരിച്ചുഞാൻനടന്നു. ൨൯

അവിടവിടെമറിഞ്ഞുവീണുദേഹം
ശകലിതമായ്, ചിലെടത്തുകാലുളുക്കി
അഴകിയലിനവേണിയാകെമുള്ളി-
ന്നിടയിലുടക്കിവലിഞ്ഞുവേദനിച്ചു. ൩൦

അണുവുമതിശയോക്തിയല്ല, കണ്ണിൻ
മിഴികളുമാവിഷകണ്ടകങ്ങളാലേ
പലതവണത്തുളഞ്ഞുകീറി, രാഗ
പ്രമദമനസ്സഗണിച്ചതില്ലിതൊന്നും. ൩൧

ഉടലതിനെയൊരന്യവസ്തുവായി-
ക്കരുതി, യതിൻറസുഖാസുഖങ്ങളെല്ലാം
തൃണസമമിവരംഗണ്യമാക്കിമുമ്പോ-
ട്ടിവളുടെയാത്രതുടർന്നിരുന്നുവീണ്ടും. ൩൨

"വരികവരികവല്ലഭാഭവാ"നെ-
ന്നിടറിയശബ്ദവുമാർത്തിഞാൻവിളിച്ചു
ഒരുമറുപടികിട്ടിയില്ല, വീണ്ടും
തുടരെവിളിച്ചിവളാവനാന്തരത്തിൽ. ൩൩

വിധുരതയൊടുകൂടിഞാൻവിളിയ്ക്കും
വിളിയുടെമാറ്റൊലിമാത്രമെൻറകാതിൽ
അനുനിമിഷമുയർന്നുകേട്ടിരുന്നു
വിധിയുടെഭീകരശബ്ദമെന്നമട്ടിൽ. ൩൪

ഇതിനിടയിലൊരല്പഭാവഭേദം
സരണിയിലെത്തിയതായെനിയ്ക്കുതോന്നി
ശിലകളിലിടറിത്തുടങ്ങിപാദം
നിബിഡതയൊട്ടുകുറഞ്ഞുമുള്ളുകൾക്കും. ൩൫

ചെറുശിലകൾ ചവുട്ടിയുള്ളിലാശാ
ഭരമൊടു ഞാൻ ത്വരിതംഗമിച്ചിടുമ്പോൾ
ഒരുവലിയശിലാസമൂഹമെന്നെ-
ത്തടയുകയാൽ വഴിമുട്ടിനിന്നുപോയ് ഞാൻ ൩൬

ഇരുളിലിരുകരങ്ങൾ നീട്ടിമുമ്പോ-
ട്ടൊരുവിധമൊന്നിവൾ തപ്പിനോക്കിയപ്പോൾ
അസുഗമമൊരുദുർഗ്ഗമെന്നപോലാ
ശിലകളുയർന്നിടതിങ്ങിനിന്നിരുന്നു. ൩൭

ഇഴുകി ജലമയം കലർന്നപായൽ
ശിലകളിലാകെ നിറഞ്ഞിരുന്നു പാരം
പദയുഗമവയിൽ ചവുട്ടിടുമ്പോ-
ളുടനടി തെറ്റിമറിഞ്ഞുവീണിരുന്നു. ൩൮

മരണഭയമകത്തുലേശമെന്യേ-
യുരുതരധീരതയോടു നൂറുവട്ടം
ഇവളബലയവയ്ക്കുമേൽ ചവുട്ടി-
ക്കയറിമറിഞ്ഞു തറയ്ക്കുമേൽ പതിച്ചു. ൩൯

ഒരുവിധമവിടം കടന്നുകൂടാ
നൊരുവഴിയും തിരിയാതെ ഞാൻ കുഴങ്ങി
പതിയുടെ പാദപത്മചിന്തയൊന്നേ
ഗതിയിനിയെന്നകമേ നിനച്ചുനിന്നു. ൪൦

"അലകടലിവൾ പിന്നിലാക്കിയേറ്റം
വലിയൊരു കണ്ടകകാനനം കടന്നു
ഉടലിതു തിരികല്ലിലിട്ടധാന്യ-
ത്തരിയൊടു തുല്യമുടച്ചു ധൂളിയാക്കി. ൪൧

അപജയമിഹസംഭവിച്ചുവെന്നാ-
ലിവയഖിലംവിഫലംവിതർക്കമെന്യേ
കനിയുകകരുണാഗുണാംബുധേ! ഞാ-
നരികിലണഞ്ഞുകൃതാർത്ഥയായിടട്ടെ! ൪൨

അയിവരികദയാപയോനിധേ! ഞാൻ
പരവശയാണവലംബമാരുമില്ല
ഇതുവിജനവനം, തമോഭരത്താൽ
വഴിയറിയാനുമെനിയ്ക്കുമാർഗ്ഗമില്ല. ൪൩

വരികവരഗുണാലയാഭവാ”നെ-
ന്നൊരുവിധമോതിനിലത്തുഞാനിരുന്നു
ചെറുശിശുവിനുതുല്യമേങ്ങിയേങ്ങി-
ക്കരയുവതിന്നുതുടങ്ങിധീരയാംഞാൻ. ൪൪

തുടരെയൊഴുകിബാഷ്പധാര; പാരം
മൃദുതരമായൊരുപാണിയുഗ്മമപ്പോൾ
കരുണയൊടുമുഖംതുടച്ചു, മെയ്യിൽ-
ത്തടവി,പിടിച്ചിവളേനടത്തിമന്ദം. ൪൫

“ഇവിടെയൊരുമനുഷ്യനീയിരുട്ട-
ത്തണയുകയെന്നതസാദ്ധ്യമാണനൂനം.
ഇതുമമഹൃദയാധിനാഥനാണെ”-
ന്നൊരുനിനവുള്ളിലുദിച്ചുശക്തിയായി. ൪൬

ഉടനടിഹൃദയംതുടിച്ചു, കൈകൾ
പരമഭിവാഞ്ഛയൊടേവിരഞ്ഞുചുറ്റും
അതിശയ, മൊരുമർത്ത്യനേയുമപ്പോൾ
പരിസരസീമനികണ്ടുമുട്ടിയില്ല. ൪൭

ശിലകൾമല കണക്കുകണ്ടതെല്ലാ-
മിവളറിയാതെകടന്നരക്ഷണത്തിൽ
ഉപകൃതിയിതുചെയ്തവന്ദ്യദേഹം
പരമൊരുമായികനെന്നപോൽമറഞ്ഞു. ൪൮

കടലരികിലെനിയ്ക്കുസംഭവിച്ചോ-
രനുഭവമപ്പൊഴനുസ്മരിച്ചുമോദാൽ
അകതളിരതിലാശയല്പമല്ലാ-
തുണരുകയാൽനടകൊണ്ടുപിന്നെയും ഞാൻ. ൪൯

ശിലകൾ, നിബിഡമായ്‌വളൎന്നുകുററി-
ച്ചെടികളിതൊക്കെയുമൊത്തുയൎന്നിരിക്കും
ഒരുഗിരിയുടെ ശൃംഗഭൂവിലെയ്ക്കാ-
ണിവളുടെയീഗതിയെന്നുബോദ്ധ്യമായി. ൫൦

ഉപരി, മണിവിളക്കുകത്തിടുമ്പോ-
ലൊരുപെരുദീപ്തിതെളിഞ്ഞുകണ്ടിരുന്നു
ഉടനടിയവിടെപ്പറന്നുചെല്ലാ-
നുഴറിമനസ്സു, കുതിച്ചുപാഞ്ഞുദേഹം. ൫൧

പറവതിനരുതാത്തമട്ടിലുള്ളോ-
രവശതയുണ്ടുവപുസ്സിനെന്നിരിക്കെ
ഗിരികയറിടുവാൻതിടുക്കമേറും
തുനിവിതുസാഹസമെന്നുതോന്നുമാൎക്കും. ൫൨

അതുശരി; തുലയററദിവ്യരാഗ-
ക്കൊടുമുടിയിൽകുടികൊള്ളുമെൻെറചിത്തം
കൊടുമുടിയതിലെൻെറനാഥനെക്ക-
ണ്ടടിപണിയാതെയടങ്ങുകില്ലനൂനം. ൫൩

പ്രണയലഹരിനിന്ദ്യമല്പസാക്ഷാ-
ലതുപലസാഹസകൃത്യവും നടത്തും
ബുധജനമതിനെപ്പഴിയ്ക്കയില്ലെ-
ന്നിവളറിയുന്നവിതക്കമേതുമെന്യേ. ൪൮

പൊടിയൊടുകയറിത്തുടങ്ങികുററി-
ച്ചെടികളിലാഞ്ഞുപിടിച്ചുകൊണ്ടുശീഘ്രം
പലതരമസുഖങ്ങളാവഴിയ്ക്കും
തുടരെയണഞ്ഞതിരിട്ടലട്ടിയെന്നോ. ൪൯

കഴലിണവഴുതിച്ചിലപ്പൊഴെല്ലാം
പകിടകണക്കമറിഞ്ഞുരുണ്ടിരുന്നു.
ദ്രുതഗതിയൊടുപാഞ്ഞുതിട്ടന്നമദ്ധ്യേ
ശിലകളിൽദേഹമടിച്ചുകൊണ്ടിരുന്നു. ൫൦

ചിലവിടപികളന്തിങ്ങിനീണ്ടശാഖാ-
കുലമതിനാലിവളെത്തടഞ്ഞിരുന്നു
പടുകുഴികളിലേയ്ക്കുവീണുദേഹം
ചിലസമയത്തുപതുക്കെപൊട്ടിരുന്നു. ൫൧

ഇതുവരെയുമിതിൽക്കവിഞ്ഞതാകും
വിഷമതയൊക്കെജയിച്ചൊരെൻറചിത്തം
ഇവയിലൊരണുവുംകുലുങ്ങുകില്ലെ-
ന്നാളുപറയാതെയറിഞ്ഞിടാമെവക്കും. ൫൨

അതുശരി,യൊരുക്രൂസലെന്നിയേഞാ-
നുടനചലാധിപശൃംഗഭൂവിലെത്താൻ
കരളതുകവിയുന്നവാഞ്ഛയോടേ
ചരണയുഗത്തെയിളക്കിവിട്ടുവീണ്ടും. ൫൩

പ്രകൃതിയുമനുകൂലമായ് പ്രവർത്തി-
ച്ചിടുവതുപോലെ, തെളിഞ്ഞു കണ്ടുമാർഗ്ഗം
മൃദുതരതൃണസഞ്ചയങ്ങൾ കാലി-
ന്നടിയിലമർന്നു തുടങ്ങി മന്ദമന്ദം. ൩൦

ഗിരിവരനുടെ ഉട്ടുവസ്രൂ?ാംപുൽ-
ത്തകിടിയതിന്റെ മനോജ്ഞഭാവമെല്ലാം
ഇഹ പറവതിനാശയുണ്ടു, പക്ഷേ-
യിരുളിലതെങ്ങനെ കണ്ടിടുന്നതീ ഞാൻ? ൩൧

"സുഖതരവഴി, കഷ്ടകാലമെല്ലാ-
മൊരുവിധമങ്ങു കടന്നുപോയിരിക്കാം
ഇനിയരനിമിഷത്തിനുള്ളിൽ ഞാനെൻ
പ്രിയനൊടു ചേർന്നു കൃതാർത്ഥയായിടട്ടെ! ൩൨

ചെറുതൊരു പ്രഭയങ്ങു കാണ്മതങ്ങേ
തിരുമുഖദിവ്യമരീചിപുഞ്ജമത്രേ
തിരുമിഴിയിണ കൂട്ടിടാതെയങ്ങു-
ന്നിവളുടെ നേർക്കു കനിഞ്ഞു നോക്കിടുന്നു. ൩൩

ഇരുചിറകുകളെന്റെയീ ഭുജങ്ങൾ-
ക്കരികിലെനിക്കു ലഭിച്ചിരുന്നുവെങ്കിൽ
ഇരുളിലുമൊരു ക്ലേശമെന്നിയേ ഞാ-
നതിജവമങ്ങു പറക്കുമായിരുന്നു". ൩൪

പലതുമിതു വിധം നിനച്ചുമുമ്പോ-
ട്ടുരുതരവേഗതയോടു ഞാൻ നടന്നു
ഗിരിയുടെ ചെരിവപ്പൊളൊട്ടു ക്കാ-
യസുഗമമെന്ന വിധത്തിലായ്ത്തുടങ്ങി. ൩൫

മീനസമധികമായ്ക്രമേണയാപ്പുൽ-
ത്തകിടിയുമായതിനൊത്തുചേന്നമട്ടായ്
ഒരുവിധവുമതിന്റെമേൽചവുട്ടി-
ക്കുതിത്തുടരാൻകഴിയാതെഞാൻകുഴങ്ങി. ൫൬

ഒരുചുവടിവൾമുമ്പിലേയ്ക്കുവച്ചാ-
ലതിലധികംപിറകോട്ടുതെററിമാറും
കരയുഗമതുചാറിലുംവിരഞ്ഞി-
ട്ടൊരുലതപോലുമട്ടുകണ്ടുമില്ല. ൫൭

വിഷമതയിതിനേയഗണ്യമാക്കി-
ച്ചപലതഞാനിഹകാട്ടിടാൻതുനിഞ്ഞാൽ
അപകടമതുനിശ്ചയം;മറിഞ്ഞി-
ട്ടടിവരെയങ്ങുരുളും,വിതർക്കമെന്യേ. ൫൮

ശനിദശയിനിയുംകഴിഞ്ഞതില്ലെ-
ന്നറിയുകയാൽസമരംതുടർന്നിടാനായ്
ഇവളബലയൊതുങ്ങിപിന്നെയും;സൽ-
പ്രണയമതിന്നെതിരില്ലശക്തിയൊന്നും. ൫൯

ശിലയൊടുസമമായ്തറഞ്ഞിരിക്കും
തറയിവൾമാന്തിയിളക്കിക്കൈകളാലേ
ചെറുപടികൾചമച്ചവയ്ക്കുമീതേ
പദയുഗമങ്ങുചവുട്ടിടാൻതുടങ്ങി. ൬൦

പണിയിതുഫലവത്തുതന്നെ,യെന്നാ-
ലൊരുയുഗമങ്ങുകഴിഞ്ഞുകൂടിയാലും
പ്രിയതമസവിധത്തിലെത്തുകില്ലെ-
ന്നൊരുനിനവെന്നെവിഷാദമഗ്നയാക്കി. ൬൧

പകലിരവറിയാത്തക്രൂരിരുട്ടിൽ
ക്ഷമയൊട്ടുജോലിതുടൎന്നുചെയ്തിരിയ്ക്കെ
ദൃഢതരമൊരുപാശമെൻഭുജങ്ങൾ-
ക്കുപരിപതിച്ചതുപോലെനിയ്ക്കുതോന്നി. ൧൨

ഉടലിലതുവളഞ്ഞുചുററിമുമ്പോ-
ട്ടിവളെവലിച്ചുതുടങ്ങിമന്ദമന്ദം
ഒരനഘസുഖമെൻെറമാനസത്തെ-
ക്കവശതവളും തെളിവായി ഞാനറിഞ്ഞു. ൧൩

ഉടനൊരുകുളിർകാററുവന്നുമെയ്യിൽ-
ത്തടവീ,യിരുട്ടുകുറഞ്ഞുദൈവഗത്യാ
ചുഴലവുമൊരുശാന്തമാംവെളിച്ചം
നിഴലിനുതുല്യമെനിയ്ക്കുകാണുമാറായ്. ൧൪

വടമതിനുടെ ദിവ്യശക്തിയാലേ
ചിറകുകളെന്നിയെഞാൻപറന്നിരുന്നു
ധവളനിറമിയന്നമേഘജാലം
പരിസരസീമനിസഞ്ചരിച്ചിരുന്നു. ൧൫

നിബിഡതയുമതിൻെറനവ്യകാന്തി-
പ്രചുരിമയുംപരിചൊട്ടുകൂടിവന്നു
മമശുഭകരഭാവിദൂരമല്ലെ-
ന്നൊരുവിധമുള്ളിലുറച്ചുശക്തിയായ്ഞാൻ. ൧൬

ജനനിയുടെകരങ്ങൾപോലെയെന്നെ-
ക്കനിവൊടുചേൎത്തുപുണൎന്നിരുന്നപാശം
ഒടുവിലഴകിയന്നനീരദങ്ങൾ-
ക്കിടയിലുയൎന്നതറയ്ക്കുമേൽനിരുത്തി. ൧൭

ലി88



"കൊട്ടുമുടിയിതുതന്നെ, ദിവ്യകാന്തി-
പ്രചുരിമകണ്ടതുമീസ്ഥലത്തുതന്നേ.
പ്രിയനിവിടെയടുത്തുതന്നെയുണ്ടെ-
ന്നതിനുവിതർക്കമെനിയ്ക്കു ലേശമില്ല. ൧൮

തിരുവടിതടവുന്നതെന്നലത്രേ-
യിഹകളിയാടിവരുന്നതീവിധത്തിൽ
സുരഭികളറിയാത്തദിവ്യമാകും
പരിമളമേറയിതിൽക്കലർന്നിരിപ്പൂ. ൧൯

വെള്ളവെള്ളനിറമാർന്നമഞ്ഞിനാലേ
തറയിതുമൂടിയിരിയ്ക്കിലും പദങ്ങൾ
അതിനുപരിചവുട്ടിടുന്നനേരം
കളിതറിയാത്തതുമൊക്കിലത്ഭുതംതാൻ. ൨൦

അടികളിതപതിഞ്ഞുകാണ്മു ഞെഞ്ഞി-
നുപരി,യിതിൽപ്പരമെന്തുസാക്ഷിവേണം!
വടിവിതുവിധമൊത്തപാദയുഗ്മം
ധരണിയിലേതൊരുമർത്ത്യനുണ്ടുപാർത്താൽ ൨൧

കനിയുക ജഗദംബ! നമിയ്ക്കുയീകാ-
ലടികളെനീയെതിരററഭക്തിയോടേ
സ്ഥലമിതുപരിശുദ്ധമാണുസാക്ഷാൽ
വിനയപുരസ്സരമിങ്ങുനില്ക്ക, ഞാനിനി". ൨൨

ഇതുവിധമകമേയുരച്ചു, കൈകൾ
തൊഴുതുപിടിച്ചുകുനിഞ്ഞുഭക്തിപൂർവ്വം
അധരയുഗമണച്ചുകാലടിപ്പാ-
ടതിനൊരു ചുംബനമേകിഞാൻനിവർന്നു. ൨൩

Dharmaram College Library
Bangalore-29

ഒരു പെറുകളിർകാററുശീഘ്റമെത്തീ-
ട്ടവിടെനിരന്നിടത്തുൻനിന്നിരുന്ന
സുരുചിരജലദങ്ങളെയിളക്കി-
ശ്ശിഥിലതചേർത്തകലത്തുമാററിവിട്ടു. ൮൪

ഉടനടിയൊരുദിവ്യദീപ്തിപുഞ്ജം-
പ്രിയനുടെദിവ്യകളേബരംമനോജ്ഞം-
പരിസരഭുവികണ്ടുഭ്രാന്തിയെപ്പോ-
ലൊരുവിളിയോടിവളങ്ങുപാഞ്ഞടുത്തു. ൮൫

കരലതകൾവിടുർത്തുമാറിടത്തിൽ
പ്രിയതമനെന്നെയണച്ചു; രണ്ടുപേരും
നരകുലമറിയാത്തദിവ്യരാഗ-
പ്രചുരിമയോടുപരസ്പരംപുണർന്നു. ൮൬

ജലധിയിലൊരുവർഷബിന്ദുപോലപ്പോൾ
ദയിതനിലക്ഷണമങ്ങലീനയായ്ഞാൻ
ഇരുവരുമിനിയേതുനാളിലുംവേർ-
പിരിയുവതേററമസാദ്ധ്യമെന്നമട്ടിൽ. ൮൭

ചുടുചുടെനയനങ്ങൾരണ്ടിൽനിന്നും
സ്ഫുടികസമാനമതിന്നുമൌക്തികങ്ങൾ
വരനുടെ തിരുമാറിലെൻറസാക്ഷാൽ
വരണസുമംഗളമാല്യമായ്ത്തിളങ്ങി. ൮൮

പ്രിയനിവളെയുരസ്സിലേററമേററം
മുറുകെയണച്ചുതുടച്ചുബാഷ്പമെല്ലാം
തിരുവധരമണച്ചുചുംബനങ്ങൾ
നിറുകയിലേകിമനംകുളുർക്കവോളം. ൮൯

അഥ,പരവശനായകഞ്ഞിനെന്നെൻ
ജനനികരങ്ങളിലേന്തിടുംവിധത്തിൽ
കരുണയൊടിവളെയെടുത്തുനാഥൻ
തിരുവടിയങ്ങുവിയത്തിലേയ്ക്കുയർന്നു. ൯൦

സുരപുരിയതിനേയധഃകരിക്ക-
ന്നൊരുവിമലാമകലന്നവാടിതന്നിൽ
പുരുസുഖമൊടുചെന്നുചേർന്നുതങ്ങൾ
നയനമനോഹരമാസ്ഥലംവിശേഷം. ൯൧

സുരഭിലതരമായപൂക്കൾതോറും
വിരുതൊടണഞ്ഞവയുദ്ഗമിച്ചിടുന്ന
അനുപമതരവാസനാഗുണത്താൽ
രസികതചേർന്നണയുന്നുഗന്ധവാഹൻ ൯൨

പലപലനിറമുള്ളപൂക്കളെല്ലാം
തറയിലുതിർന്നിവരേസമാദരിപ്പാൻ
ഉപവനമൊരുചിത്രകമ്പളത്തേ-
യവിടെവിരിച്ചതുപോൽലസിച്ചിടുന്നു. ൯൩

മധുരതരവിശിഷ്ടമാംഫലങ്ങൾ
വളരെവഹിച്ചുവളഞ്ഞുനിന്നിരുന്ന
വിടപികളിവരെനമിച്ചിടുന്നോ
സവിനയ,മെന്നൊരുശങ്കതോന്നിടുന്നു. ൯൪

കനകനിറമിയന്നപങ്കജങ്ങൾ
ചെറുകുളിർതെന്നലിലാടിനിന്നിടുന്ന
പലപലപനിനീർസരോവരങ്ങൾ
വിലസുവതുണ്ടവിടത്തിലങ്ങുമിങ്ങും. ൯൫

മലിനതയറിയാതെ,മേന്മയേറും
സ്ഫടികസമാനജലംവഹിച്ചുപായും
അരുവികൾപലതുണ്ടുകാണ്മതിന്നാ
വിതതമനോഹരപുഷ്പവാടിതന്നിൽ ൯൬

മധുരിമകലരുന്നനല്ലപാട്ടും
മധുവുമൊഴുക്കിവരുന്നനിർഝരങ്ങൾ
ഉപവനമതിനുററഭൂഷണംപോ-
ലവിടെലസിപ്പതുകണ്ടുഞാനസംഖ്യം. ൯൭

സുരുചിരതരകല്പവല്ലിജാലം
വിരുതൊടുതീർത്തലതാഗൃഹങ്ങളാലും
അവിടമതിമനോജ്ഞമെന്നുമാത്രം
പറവതിനേകഴിവുള്ളുബാക്കിചിന്ത്യം! ൯൮

ഘനനിരമഴയെച്ചൊരിഞ്ഞിടാനാ-
യവിടെവരാൻഹൃദിശങ്കയാർന്നിടുന്നു
അവിരതമൊരുപോലെമററപൂവിൻ
നിരചൊരിയുംമകരന്ദവൃഷ്ടിമൂലം. ൯൯

ചരലിനുസമമൊട്ടസംഖ്യമായി-
ട്ടുജ്ജ്വലമഹത്തരകാന്തിചിന്നിടുന്ന
പലവകമണിതല്ലജങ്ങളെല്ലാം
തറയിൽനിരന്നുകിടന്നിടുന്നതീളെ. ൧൦൦

പറവകൾപലജാതിയുണ്ടുപാടി-
ച്ചിറകുവിരിച്ചവിടെപ്പറന്നിടുന്നു
വികസിതകുസുമങ്ങൾതോറുമെത്തി-
ച്ചളികുലംമധുവാസ്വദിച്ചിടുന്നു. ൧൦൧

ഉഡുപതിയൊടുബാലസൂൎയ്യനുംവ-
ന്നടിപണിയുംവിധമുള്ളകാന്തിപൂരം
മിഴികളിലമൃതൊലുമാറുപിന്നീ-
ട്ടവിടെയുഷഃപ്രഭനിത്യമായ്ലസിപ്പൂ. ൧൦൨

ഉപവനമതിനൊത്തമദ്ധ്യഭാഗ-
ത്തതിനൊരനൎഘവിഭൂഷണംകണക്കെ
അഴകിനുമഴവില്ലുകപ്പമേകും
പടിവിലസുന്നിതുരമ്യഹൎമ്മ്യമേകം. ൧൦൩

മണിമയമതു,മാനദണ്ഡിനൊന്നും
തലകനിയാത്തവിധംപരംവിശാലം
പണിയതുല,മുയൎന്നുവാനിലെത്തി-
ക്കതിരവനെത്തടയുന്നഗോപുരങ്ങൾ! ൧൦൪

"അവിഷയമതുമാനുഷേന്ദ്രിയങ്ങൾ-
ക്കുധിഷണയ്ക്കുമഗമ്യമാണപാരം"
ഇതിലധികമതിന്റെചന്തമോതാൻ
മൊഴിയറിയാതെകുഴങ്ങിടുന്നിതാഞാൻ. ൧൦൫

"വരഗൃഹമിതുതന്നെ,നിത്യവാസ-
സ്ഥലമിതുതന്നെയെനിക്കു,മേലിലെന്നും
വിരഹമതണയാതെയീഗൃഹത്തിൽ
പ്രിയനൊടുമിച്ചതിമോദമാൎന്നുവാഴാം." ൧൦൬

നിനവിതുകരളിൽകടന്നുമുമ്പോ-
ട്ടിവളറിയാതെനടന്നതീവശീഘ്രം
ഉടനൊരുവലുതായദുൎഗ്ഗമെന്നെ-
ത്തടയുകയാലധികംവിഷണ്ണയായ്ഞാൻ. ൧൦൭

പതിയുടനരുൾചെയ്തു“വല്ലഭേ! നീ
ക്ഷമവെടിയാതിഹനിന്നിടേണമല്പം
ഒരുനിമിഷമണഞ്ഞിടുംനിനക്കായ്
പുതിയകവാടവുമിങ്ങദൃശ്യമാകും. ൧൦൮

അതുവരെയതിഭാഗ്യപൂർണ്ണയായ് നീ-
യുപവനസീമനിസഞ്ചരിച്ചിടേണം
വിരഹവുമിനിയില്ല, ജീവിതത്തിൽ
ദുരിതവുമില്ലനിനക്കുമേലിലൊന്നും. ൧൦൯

സുരഭിലജലമേന്തുമീസരസ്സി-
ന്നരികിലിരുന്നു നമുക്കുവിശ്രമിക്കാം.
സ്ഥലമിതുവിജനം, തടസ്സമെന്യേ
സസുഖമിരുന്നുനമുക്കു സല്ലപിക്കാം. ൧൧൦

സതികുലമണി! നിന്റെയിംഗിതംപോൽ
സകലവിശേഷവുമോതിടേണമിപ്പോൾ
അഥപലവലുതായകാര്യമെല്ലാം
പറയുവതിന്നു തിടുക്കമുണ്ടെനിക്കും.” ൧൧൧

സായാഹ്നംവരെയാത്മനാഥനൊരുമി-
ച്ചീനല്ലപൂവാടിയിൽ
വാഴും ഞാനഥ നിത്യമായ് വരഗൃഹം
പ്രാപിച്ചുമോദിച്ചിടും.
കാര്യം ഞാൻ പലതാസ്ഥലത്തുവിരചി-
ച്ചീടും വിതർക്കംവിനാ
ദിവ്യപ്രേമസുധാബ്ധിയിൽ മനുജരെ
മുക്കിക്കുഴയ്ക്കും വിധം. ൧൧൨

# * അഭിപ്രായങ്ങൾ.

ഐ. സി. ചാക്കോ

B. Sc. (Lond.) B. A., A. R. S. M., A. R. C. Sc. (Lond.)

ആത്മാവിന്റെ സ്നേഹഗീത എന്നെ അത്ഭുതപരതന്ത്രനാക്കിത്തീർക്കുന്നു. ഈ കൃതിയെഴുതിയ കവി ഉന്നതമായ പ്രശംസയെ അർഹിക്കുന്നുണ്ട്. ഇതിലെ ഭാവനോഡ്ഡയനം വിസ്മയകരമായിരിയ്ക്കുന്നു. ഇതിൽ ഒരാത്മാവു തന്റെ കാമുകനെ (ദൈവം) അന്വേഷിച്ച്, കടലിലും കരയിലും ആകാശത്തിലും ഭൂമിയിലും പര്യടനം ചെയ്യുന്നതായിട്ടാണ് കവി വർണ്ണിക്കുന്നതു്. ആത്മാവുകൾക്കു സ്ത്രീപുരുഷവ്യത്യാസമില്ലെന്നാണ് ക്രിസ്ത്യാനികളുടെ മതം. എങ്കിലും ആത്മാവിനു ലത്തീനിലുള്ള സാധാരണ സംജ്ഞ (anima) സ്ത്രീലിംഗമാണ്. ആ ഭാഷയിലെ സാഹിത്യത്തിൽ ആത്മാവിനു സ്ത്രീത്വമാണു കല്പിച്ചിരിക്കുന്നതു്. എന്നാൽ ആത്മശബ്ദം സംസ്കൃതത്തിൽ പുല്ലിംഗമാണ്. ആത്മാവിനെ സ്ത്രീയായി കല്പിക്കുന്നതു് ചിലർക്കു പ്രസിദ്ധിവിരുദ്ധമായി തോന്നിയേക്കാം. എങ്കിലും അസംസ്കൃതജ്ഞന്മാരായ മലയാളികൾക്കു് ഈ വിരുദ്ധതാപ്രതീതിയുണ്ടാകുമെന്നു തോന്നുന്നില്ല. മാതാവ് സ്വസാവ് മുതലായ

---

* ഈ അഭിപ്രായങ്ങൾ 1923-ൽ "ഗീതാവലി"യുടെ പ്രസിദ്ധീകരണകാലത്തു കിട്ടിയിട്ടുള്ളവയാണ്. "സ്നേഹഗീത"യുടെ ആദ്യഭാഗം "ഗീതാവലി"യിൽ ചേർത്തിട്ടുള്ളതാണല്ലോ.

ശബ്ദങ്ങളേപ്പോലെ ആത്മാവും സ്ത്രീയെ സൂചിപ്പിക്കുന്നതാണെന്നു് അവർ വിചാരിക്കാനിടയുള്ളതാണു്. രണ്ടായാലും വിരുദ്ധതാപ്രതീതി എന്റെ മനസ്സിനെ ബാധിച്ചില്ല.

ലിംഗാനുശാസനമെന്തുതന്നെയായാലും, ആത്മാവിനേ കാമുകാന്വേഷിണിയായ ഒരു സ്ത്രീയായിട്ടു സങ്കല്പിച്ചിരിയ്ക്കുന്നതു് രസകരമായിട്ടുള്ള ഒരു ഭാവനയാണു്. ശ്രീമതി മേരിയേ ഒരു ധർമ്മോപദേശികയായിട്ടല്ല, ഒരു കവിയായിട്ടാണു് ഞാനിവിടെ വീക്ഷിക്കുന്നതു്. ഈ കൃതി ഹൃദയത്തെ ആനന്ദകരമായവിധത്തിൽ എങ്ങനെയോ സ്പർശം ചെയ്യിയ്ക്കുന്നുണ്ടു്. ഇതാണല്ലോ കവിയുടെ കൌശലത്തിന്റെ പരമോദ്ദേശ്യം. ഈ കൃതി എന്നെ അനുസ്മരിപ്പിക്കുന്നതു് ശലമോന്റെ "ഗീതകളുടെ ഗീത"യേയായിരിയ്ക്കുമോ? ആകൃതി ക്രിസ്തുവും സഭയും തമ്മിലുള്ള അനുരാഗത്തെ വർണ്ണിയ്ക്കുന്നു. ക്രിസ്തുവിനേ ഒരു കാമുകനായിട്ടും സഭയെ ഒരു കാമിനിയായിട്ടും ശലമോൻ സങ്കല്പിച്ചിരിയ്ക്കുന്നു. എന്നാൽ അതും ഇതും തമ്മിൽ വളരെ വ്യത്യാസമുണ്ടു്. രണ്ടിലേയും ഭാവനകൾ രണ്ടുപ്രകാരങ്ങളിലാണു്. "ഗീതകളുടെ ഗീത"യും ആത്മാവിന്റെ സ്നേഹഗീതയും ശൃംഗാരരസപ്രധാനങ്ങളാണു്. "സ്നേഹഗീത"യിലേ ശൃംഗാരം വിപ്രലംഭമാണു്. വിപ്രലംഭത്തിൽ സാധാരണമായി കരുണവും ലീനമായിരിയ്ക്കുന്നതാണു്. സ്നേഹഗീതയിൽ ശൃംഗാരത്തെ ഉത്തേജിപ്പിക്കുന്നതു് കരുണമാണെന്നെനിക്കുതോന്നുന്നു. ഇവയിൽ ഒന്നുതന്നെ ഹൃദയത്തേ ഇളക്കുവാൻ മതിയാകുന്നതാണു്; പിന്നെ രണ്ടുംകൂടിയാലുള്ള ഫലം പറയണമെന്നില്ലല്ലൊ. "ഗീതകളുടെ ഗീത"യിൽ അന്തർഭവിച്ചിരിക്കുന്ന അർത്ഥം ഗംഭീരതരമായിരുന്നേക്കാം. എന്നാൽ ശ്രോതാവിന്റെ ഹൃദയത്തെ അധികം സ്പർശിക്കുന്നതു് "സ്നേഹഗീത"യാണെ

ന്നെനിയ്ക്കുതോന്നുന്നു. ഇതു വിപ്രലംഭമയമായിരിക്കുന്ന ഇതിലേ ശൃംഗാരത്തിൽ കരുണവുംകൂടെ സ്ഫുരിക്കുന്നതുകൊണ്ടായിരിയ്ക്കാം.

ശൃംഗാരത്തിനു ക്രിസ്തീയ സാഹിത്യത്തിൽ ഉണ്ടായിരിയ്ക്കേണ്ട സ്ഥാനമെന്തായിരിയ്ക്കാമെന്നുള്ള വിഷയത്തെ പ്രതിപാദിക്കുന്നതിന് ഈ സന്ദർഭം എന്നെ പ്രേരിപ്പിക്കുന്നു. ശൃംഗാരം അരുതെന്നു പറയുന്നവരും, ശൃംഗാരം വേണമെന്നുപറയുന്നവരും ഈ ശബ്ദത്തിൻെറയർത്ഥം രണ്ടുവിധങ്ങളിലാണു ഗ്രഹിക്കുന്നതു്. അവരവർ ഗ്രഹിച്ചിരിക്കുന്ന അർത്ഥങ്ങളിൽ രണ്ടുപക്ഷക്കാരുടെയും അഭിപ്രായങ്ങൾ ശരിയുമാണു്. ചില അതിരുകൾക്കുള്ളിൽ ശൃംഗാരം സ്പൃഹണീയമാണു്. ആ അതിരുകൾ കടന്നാൽ ശൃംഗാരം ത്യാജ്യമായിത്തീരാം. ശൃംഗാരം വർജ്യമാണെന്നു പറയുന്നവർ, അല്ലെങ്കിൽ പറയേണ്ടിയവരിൽ ചിലർ തന്നേ "സ്നേഹഗീത"യേ സ്തുതിയ്ക്കുന്നതിൽ നിന്നും അവർ വർജ്യമെന്നു പറയുന്ന ശൃംഗാരം ആകൃതിയിൽ ഉള്ളതരമല്ലെന്നു സ്പഷ്ടമാണല്ലൊ ..................................................

...............ശ്രോതാവിൻെറ ഹൃദയത്തിൽ രതിഭാവം ഉദ്ദീപിപ്പിക്കാതെ ശൃംഗാരരസം ഉളവാക്കുന്നതിനുള്ള സാമർത്ഥ്യമാണു് ശൃംഗാരവിഷയത്തിൽ സാക്ഷാൽ കവിത്വം. ആ ശൃംഗാരം ഏതു സദസ്സിലും സഭ്യമായിരിയ്ക്കും ....................

(സി. അന്തപ്പായി ബി. എ.)

"ആത്മാവിന്റെ സ്നേഹഗീത" എന്ന ലഘുകാവ്യത്തിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങളെ ഞാൻ നിഷ്കപടമായി അഭിനന്ദിക്കുന്നു. സാധാരണ നിലവിട്ടുള്ള വിശിഷ്ടദർശനങ്ങൾ അതിൽ വളരെയുണ്ടു്. വിരഹസന്തപ്തയായ ഒരു നാരി നിജപ്രിയതമനു് എഴുതിയ എഴുത്തുകളെന്നു ഭാവിയ്ക്കുന്ന "Kamala's Letters to her Husband" എന്നപേരായ കേവല ഗദ്യകൃതിയിൽ ഈവകവിചാരങ്ങളും മനോഭാവങ്ങളും ധാരാളമുള്ളതായി ഞാൻ ഓർക്കുന്നുണ്ടു്.

---

## Dr. P. J. Thomas M. A., B. Lit., Ph. D.

However, the wealth of imagery is not Miss Mary's only claim to poetic excellence; nor is it even her principal claim. A powerful mystical vain runs through her poetry and this has come out best in the beautiful poem "ആത്മാവിന്റെ സ്നേഹഗീത" (A Soul's Love Song). In this, as in some others of her poems, she has soared to mystical heights which few poets in our country have ascended. Indeed she has not scaled the heights of Rabindranath Tagore or Francis Thompson; yet her genius for mystical poetry is beyond doubt, and given favourable conditions, her muse may blossom forth into some brilliant achievement in the future.

Miss Mary is the Alice Meynell of Malayalam literature, and like Mrs. Meynell she is preeminently the product of Catholicism, a religion which alone could have produced a Dante or a Francis of Assissi.

---

CT Library
*00004188*
T61 B437

# ആത്മാവിൻെറ
# സ്നേഹഗീത.

By

Sister Mary Benigna C. D.

T61
B44

T61
B437

Indic Digital Archive Foundation
gpura.org